പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ 91</u>

<u>28-02-2008-ൽ മറുപടിക്ക്</u>

## <u>അദ്ധ്യാപകനിയമനത്തിന് യോഗ്യതാ പരീക്ഷ</u>

### <u>ചോദ്യം</u>

ശ്രീ. അടൂർ പ്രകാശ്
" എം. മുരളി
" തിരുവഞ്ചൂർ രാധാകൃഷ്ണൻ

(എ) എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് യോഗ്യതാപരീക്ഷ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതുകൊണ്ടുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണ് ;

(സി) എയിഡഡ് സ്കൂളുകളിലേക്കുള്ള നിയമനത്തിനും യോഗ്യതാ പരീക്ഷ അനിവാര്യമാണോ ;

( ഡി) അദ്ധ്യാപന നിലവാരം പരിരക്ഷിക്കുന്നതിനാണെങ്കിൽ അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനും ഇതു ബാധകമാക്കാനുദ്ദേശമുണ്ടോ?

### <u>ഉത്തരം</u>

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)

(എ) & (ബി)
എയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന അദ്ധ്യാപക നിയമന രീതിക്ക് മാറ്റം വരുത്തുവാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ഹയർ സെക്കന്ററി സ്കൂൾ നിയമനത്തിന് അടിസ്ഥാന യോഗ്യതയായി സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) നിലവിലുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും യോഗ്യത നേടുന്നവർക്ക് ഒരു മിനിമം യോഗ്യത ഉറപ്പു വരുത്താനാണ് ഇത് ചെയ്യുന്നത്.

(സി) ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ പുതുതായി വരുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (സ്വാശ്രയമടക്കം) പഠിച്ചു വരുന്നവർക്ക് പൊതു നിലവാരമുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ഹയർ സെക്കന്ററിയിലേതുപോലെ ഒരു യോഗ്യതാ പരീക്ഷയാകാം എന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. കെ.ഇ.ആർ. പരിഷ്ക്കരണത്തിനുവേണ്ടി നിയോഗിച്ച സി.പി.നായർ കമ്മിറ്റിയും ഈ നിർദ്ദേശം വച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു നിലപാടു ഗവൺമെന്റ് എടുത്തിട്ടില്ല.

(ഡി) അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പഠിക്കാനും നിർദ്ദേശങ്ങൾ നൽകാനുമായി 22-6-2007-ലെ ജി.ഒ.(എം.എസ്) നം. 117/2007/പൊ.വി.വ. പ്രകാരം ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഉന്നയിച്ച ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക നിലവാരം പരിരക്ഷിക്കാനാവശ്യമായ നിർദ്ദേശങ്ങൾ കൂടി സമർപ്പിക്കുവാൻ പ്രസ്തുത കമ്മറ്റിയോട് ആവശ്യപ്പെടുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92 28..2..08 ൽ മറുപടിക്ക്.

## സർവ്വകലാശാലകളുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ശക്തൻ :<br>ശ്രീ. എം.എ. വാഹിദ് : | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| (എ) | സർവ്വകലാശാലകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ ; | (എ) | 2004ലെ ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം, ക്ഷാമബത്താ വർദ്ധനവ്, പരീക്ഷാ നടത്തിപ്പിലെ ചെലവിലുണ്ടായ വർദ്ധനവ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ കാരണങ്ങളാൽ കേരളത്തിലെ സർവ്വകലാശാലകൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പുതുതായി ഏതെല്ലാം സ്പെഷ്യലൈസ്ഡ് സർവ്വകലാശാലകൾ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത് ; | (ബി) | സ്പെഷ്യലൈസ്ഡ് സർവ്വകലാശാലകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | നിലവിലുള്ള സർവ്വകലാശാലകൾ സാമ്പത്തിക ബുദ്ധിമുട്ടുകളിൽപ്പെട്ടിരിക്കെ പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിലുള്ള സാംഗത്യം വിശദമാക്കുമോ ? | (സി) | ചോദ്യം ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 93

28.2.2008-ൽ മറുപടിയ്ക്ക്

രാഷ്ട്രീയ കൃഷിവികാസ് യോജന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. പി.വിശ്വൻ<br>ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ. സി. എച്ച് .കുഞ്ഞമ്പു | ശ്രീ. മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പ് മന്ത്രി ) |
| (എ)കേന്ദ്ര സർക്കാർ രാഷ്ട്രീയ വികാസ് യോജന പ്രകാരം കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് 4% വളർച്ചനിരക്ക് കാർഷിക മേഖലയിൽ നേടിയെടുക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ട്. പ്രസ്തുത രീതിയിലാണ് സംസ്ഥാനത്ത് ഈ പദ്ധതി രൂപീകരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്.<br>സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (സി) എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; | (സി)66.03 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കുകയും 60 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ചെയ്തു. |
| (ഡി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (ഡി)ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഇ) പദ്ധതി സംബന്ധിച്ച് കർഷകരുമായും കർഷക സംഘടനകളുമായും ചർച്ച ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഇ) പദ്ധതി നടത്തിപ്പു സംബന്ധിച്ച് കർഷകരുമായും ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ മറ്റു ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1.) പ്രധാനധാന്യവിളകൾ, ചെറു ധാന്യവിളകൾ എന്നി
വയുടെ സംയോജിത വികസനം
(നെല്ല്, പയർ, എണ്ണക്കുരു മുതലായവ) ----- 2458.98 ലക്ഷം രൂപ

2) കാർഷിക യന്ത്രവൽക്കരണം ----- 395.45 ലക്ഷം രൂപ

3) മണ്ണിന്റെ ആരോഗ്യ സംരക്ഷണം ------ 34.10 ലക്ഷം രൂപ

4) നീർത്തട പ്രദേശങ്ങളുടെയും നദീതടങ്ങളേയും
സംയോജിപ്പിച്ചുകൊണ്ടുള്ള നീർമറി പദ്ധതികൾ ----- 56.25 ലക്ഷം
രൂപ

5) വിത്തുല്പാദന കേന്ദ്രങ്ങൾക്കുള്ള സഹായം ---- 318.43 ലക്ഷം രൂപ

6) സംയോജിത കീട നിയന്ത്രണം ---- 51.00 ലക്ഷം രൂപ

7) കാർഷികേതര പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് --- 165.40 ലക്ഷം രൂപ

8) വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന വികസനം
ശക്തിപ്പെടുത്തുക --- 198.00 ലക്ഷം രൂപ

9) വിജ്ഞാന വ്യാപനത്തിനുതകുന്ന അടിസ്ഥാന സൗകര്യ
വികസനം ---- 3.75 ലക്ഷം രൂപ

10) ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദന വർദ്ധനവും
കണിക ജലസേചന പദ്ധതിയും ---- 644.70 ലക്ഷം രൂപ

11) മൃഗസംരക്ഷണ-മത്സ്യസംരക്ഷണ വികസനം -- 1942.60 ലക്ഷം രൂപ

12) ജൈവവളപ്രോത്സാഹനം --- 10.00 ലക്ഷം രൂപ

13) നൂതന പദ്ധതികൾ --- 326.25 ലക്ഷം രൂപ

---

ആകെ ---6603.91 ലക്ഷം രൂപ

========================

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 94 28/02/2008-ൽ മറുപടിയ്ക്ക്

## <u>സ്കൂൾ പ്രവേശനത്തിന് മതവും സമുദായവും രേഖകളിൽ ചേർക്കൽ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ.കെ.സുധാകരൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) സ്കൂൾ പ്രവേശനസമയത്ത് കുട്ടിയുടെ മതവും സമുദായവും ബന്ധപ്പെട്ട രേഖകളിൽ ചേർക്കുന്നത് നിർബന്ധമല്ലാതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) വിദ്യാഭ്യാസ ചട്ടം VI -2 (2) അനുസരിച്ച് പേര്, ജനന തീയതി, മതം, സമുദായം എന്നിവ (ചട്ടം 2 (1)ലെ ഫാറം 4) അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ഫാറത്തിലെ സമുദായം (community) എന്നത് 13-2-62-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന നീക്കം ചെയ്തിട്ടുണ്ട്. എങ്കിലും, നിലവിൽ മേൽ പറഞ്ഞ പ്രകാരമുള്ള വിവരങ്ങൾ അഡ്മിഷൻ സമയത്ത് രേഖപ്പെടുത്തിവരുന്നുണ്ട്. എന്നാൽ കുട്ടിയുടെ ജാതിയും മതവും രേഖപ്പെടുത്തണമെന്ന് നിയമത്തിൽ നിർബന്ധമില്ല. |
| ബി) ഉദ്യോഗ നിയമനത്തിൽ ജാതി സംവരണം ലഭിക്കുന്ന വിഭാഗങ്ങളെ ഇത് പ്രതികൂല മായി ബാധിക്കുമോ; | ബി) ഉദ്യോഗ നിയമനത്തിൽ ജാതി സംവരണം ലഭിയ്ക്കുന്ന വിഭാഗങ്ങളെ ഇത് പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട സന്ദർഭങ്ങളിൽ വ്യാജ സർട്ടിഫിക്കറ്റ് നേടുവാൻ ഇത് ഇടയാക്കുമോ? | സി) അതാത് റവന്യു അധികാരികളാണ് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്. ഇത് നൽകുന്നത് സ്കൂൾ രജിസ്റ്ററിനെ അടിസ്ഥാനമാക്കിയല്ല. ആയതിനാൽ ഇക്കാരണത്താൽ വ്യാജ സർട്ടിഫിക്കറ്റ് നേടുന്നതിന് ഇതുമൂലം ഇടയാകുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. * 95

28.2.2008-ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹനം

ചോദ്യം

ശ്രീ. കെ. വി കുഞ്ഞിരാമൻ
ശ്രീ. സി.കെ. പി. പത്മനാഭൻ
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ.കെ .കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.വി.ശശികുമാർ

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
( കൃഷി വകുപ്പ് മന്ത്രി)

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1.) 40,000 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു.
2) 4000 ഹെക്ടറിൽ തരിശുഭൂമി വീണ്ടും കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനായി തരിശുഭൂമി കൃഷി പദ്ധതി നടപ്പാക്കുന്നു.
3) ഏറ്റവും ഉയർന്ന വിലയിൽ പ്രമുഖ നെല്ലുല്പാദന മേഖലകളിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം നെല്ലുസംഭരണം നടത്തിവരുന്നു.
4) സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, ജില്ലകളിൽ നെൽ

കർഷകർക്ക് സബ്സിഡി നിരക്കിൽ പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു

5) പാഡി ബോർഡ് രൂപീകരിച്ചു.

6) പാലക്കാട്, ആലത്തൂരിലും,ആലപ്പുഴ തകഴിയിലും രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 250 ലക്ഷം രൂപ ധനസഹായം സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് അനുവദിച്ചു. ഇതിൽ ആലത്തൂരിൽ റൈസ് മിൽ 2008- ജനുവരി ഒന്നിന് കമ്മീഷൻ ചെയ്തു.

7) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നെൽ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധം ഭേദഗതി വരുത്തുകയും പ്രീമിയം നിരക്ക് കുറയ്ക്കുകയും, നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുകയും, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ അംഗത്വമെടുത്ത് ആനുകൂല്യം കൈപ്പറ്റാമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തു.

8) കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് 50% ശതമാനം സബ് സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്.

9) ഉല്പാദന ബോണസ് ഹെക്ടറിന് 350 രൂപാ നിരക്കിൽ നല്കുന്നതിനും ഉപരിധിയില്ലാതെ വൈദ്യുതി സൗജന്യം നല്കുന്നതിനുമുള്ള പദ്ധതികൾ തുടർന്നും നടപ്പാക്കിവരുന്നു.

കൂടാതെ കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളും നടപ്പാക്കിവരുന്നു.

| | |
|---|---|
| (ബി) കഴിഞ്ഞ വർഷം നെല്ലുല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി)ഉണ്ട്. സംസ്ഥാനത്തെ നെല്ലുല്പാദനം 2005-06-ൽ 9.44981 ലക്ഷം ടണ്ണായിരുന്നത്.2006-07-ൽ 9.62363 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) നെൽവയൽ സംരക്ഷിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) നെൽവയൽ സംരക്ഷിക്കുന്നതിന് റവന്യൂ വകുപ്പ് വഴി " നെൽവയൽ സംരക്ഷണ നിയമ നിർമ്മാണം " നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ചോദ്യം എ യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികളെല്ലാം നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.96 — 26.2.08-ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജയരാജൻ :<br>ശ്രീ.എ.സി.മൊയ്തീൻ :<br>ശ്രീ.എ.പ്രദീപ് കുമാർ :<br>ശ്രീ.സാജു പോൾ :<br>ശ്രീ.വി.ശിവൻകുട്ടി : | ശ്രീ.മോൻസ് ജോസഫ്<br>(ബഹു. മരാമത്ത് വകുപ്പുമന്ത്രി) |
| എ)സംസ്ഥാനത്തെ ദേശീയ പാതകൾ നാല് വരിയാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 17ഉം, എൻ.എച്ച് 47ഉം നാലുവരിപ്പാതയാക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഇടപ്പള്ളി-ആലുവ, ആലുവ-അങ്കമാലി, ഇടപ്പള്ളി-വൈറ്റില, അരൂർ-ചേർത്തല എന്നീ ഭാഗങ്ങളിലെ പണി പൂർത്തിയായിട്ടുണ്ട്. അങ്കമാലി-തൃശ്ശൂർ, ഭാഗത്തെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. എൻ.എച്ച് 47 ചേർത്തല-കഴക്കൂട്ടം ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറായി. കഴക്കൂട്ടം മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ എസ്റ്റിമേറ്റ് പൂർത്തിയായിവരുന്നു. മറ്റ് സ്ഥലങ്ങളിലെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. എൻ.എച്ച് 17 നാലുവരി യാക്കുന്നതിന് Detailed Project Report തയ്യാറാക്കി വരുന്നു. |
| (ബി) ബി.ഒ.റ്റി അടിസ്ഥാനത്തിൽ ദേശീയപാത വികസനത്തിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്. എൻ.എച്ച് 47-ലെ തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള 40 കിലോമീറ്റർ (6.70 കി.മീ ഒഴികെ) രണ്ടുവരിപ്പാത വീതികൂട്ടി നാലുവരിയാക്കുന്നതിനുവേണ്ടിയും അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള 26.3 കിലോ മീറ്റർ ഭാഗം ശക്തിപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഏതെല്ലാം റോഡുകളുടെ എത്ര കിലോമീറ്റർ നീളം വരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുമെന്ന് അറിയിക്കുമോ; | (സി) എൻ.എച്ച് 47-ന്റെ വാളയാർ മുതൽ കളിയിക്കാവിള വരെയുള്ള 417 കിലോ മീറ്റർ നീളവും എൻ.എച്ച് 17-ന്റെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള 421 കിലോ മീറ്റർ നീളവും BOT അടിസ്ഥാനത്തിൽ നാലുവരിയാക്കുവാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

(ഡി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

(ഡി) ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മുഖാന്തിരമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നത്. എൻ.എച്ച് 47-ൽ പണികൾ ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. ബാക്കി പണികൾ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് സംബന്ധിച്ച് എൻ.എച്ച് എ ഐ യും സംസ്ഥാന സർക്കാരും വിവിധഘട്ടങ്ങളിലായി ചർച്ചകൾ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97 28..2..08 ൽ മറുപടിക്ക്.

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീ. സി.എം. ദിനേശ്മണി :<br>ശ്രീ. എം.എം. മോനായി:<br>പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് പുതിയ കോളേജുകളും, കോഴ്സുകളും ആരംഭിക്കുന്നതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മാർഗ്ഗ രേഖ ലഭിച്ചിട്ടുണ്ട്. ഒപ്പം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ നയം സംബന്ധിച്ച ഡോ. യു. ആർ. അനന്തമൂർത്തി കമ്മിറ്റിയുടെ കരട് റിപ്പോർട്ടും കോളേജുകളിൽ ക്ലസ്റ്റർ സമ്പ്രദായം, അണ്ടർ ഗ്രാഡ്വേറ്റ് വിദ്യാഭ്യാസ പുനഃസ്സംഘടന എന്നിവ സംബന്ധിച്ച റിപ്പോർട്ടും വിശദമായ ചർച്ചയ്ക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പുതിയ കോളേജുകളും കോഴ്സുകളും ആരംഭിക്കുന്നതു സംബന്ധിച്ച് കൗൺസിലിന്റെ ശുപാർശ വ്യക്തമാക്കുമോ ; | (ബി) പുതിയ കോളേജുകളും കോഴ്സുകളും ആരംഭിക്കുന്നതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മാർഗ്ഗ രേഖ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കോളേജുകളിൽ ക്ലസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതു മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച് കൗൺസിലിന്റെ വിശദീകരണം എന്താണ് ; | (സി) | നിലവിലുള്ള മനുഷ്യ, ഭൗതിക വിഭവ ശേഷി പങ്കിട്ടുകൊണ്ടും പൊതു ആസ്തികളും സൗകര്യങ്ങളും സൃഷ്ടിച്ചുകൊണ്ടും കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരമൊരുക്കാൻ പ്രാപ്തമാണ് ക്ലസ്റ്റർ സമ്പ്രദായം എന്ന് വിലയിരുത്തുന്നു. |
| (ഡി) | ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള അധിക സാമ്പത്തിക ബാധ്യത എത്രയാണ് ; | (ഡി) | ഓരോ ക്ലസ്റ്ററിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വീതം ഗ്രാന്റായി നൽകണമെന്ന് കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഇ) | കൗൺസിലിന്റെ ശുപാർശ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ തയ്യാറാവുമോ ? | (ഇ) | തയ്യാറാണ്. |

സെക്ഷൻ ഓഫീസർ.

## Guidelines for starting of new colleges/courses from 2008-09.

1) New colleges/courses may be started in the Government/Aided sector, depending on the financial resources of the Government. The emphasis should be on strengthening the public funded system, diversification of courses and ensuring maximum geographical distribution of colleges/courses within the state. Priority should be given to new professional colleges/new generation courses. Disciplines which have not been fully opened up may be preferred over others. Areas with low density of colleges may be given priority in starting new institutions.

2) Only aided courses should be sanctioned in Govt colleges and Aided Colleges. Courses which are proposed to be run in the self financing mode or on condition that there would be no additional financial commitment on the part of the Government, need not be recommended in Govt/Aided Colleges. The object should be to ensure the separate identity of public and private institutions, so that there would be no private appropriation of public assets. Public Private Partnership (PPP) mode in Government/Aided institutions through self-financing courses need not be permitted.

3) Unaided colleges /courses may be sanctioned selectively. NOC may be given for starting new unaided colleges preferably in areas where there are not adequate number of institutions of the same category.

4) In the unaided sector, preference may be given to institutions under Government control over others. Unaided Colleges/Unaided Courses in Unaided Colleges may be recommended, subject to the following conditions for ensuring adequate social control for the promotion of equity and excellence in higher education.

5) An undertaking in respect of the following from the Managements may be insisted on as condition precedent for granting NOC for new unaided colleges/courses:

(1) Colleges/Courses would be started only after providing adequate infrastructure, human and physical, as may be certified by the affiliating university.

(2) The procedure of admission would be as decided by the Government from time to time.

(3) Only fees determined by the Government from time to time would be collected from the students.

(4) Adequate number of scholarships on merit-cum means basis would be instituted as determined by the Government from time to time.

(5) The appointment and service conditions of teachers and non-teaching staff would be as determined by the Government from time to time.

(6) An appropriate governance structure that would ensure transparency, efficiency and social accountability would be instituted in the institutions as determined by the Government/ universities from time to time.

(7) Only courses approved by the affiliating university would be conducted in the institution.

(8) Details regarding the establishment and governance of the institution, admission, fees, courses, results, teaching and other staff, and any further information as required by the Government/ University would be published on the website of the institution.

(9) The affiliation granted would be temporary and there would be no claim for permanent affiliation.

(10) Adequate time should be given for academic preparation after granting NOC.NOC may be given by the Government three months ahead of the new academic year for starting new college/course in 2008-09. Colleges/ courses for which NOC is given afterwards may be permitted to start them only in 2009-10.

(11) NOC/Affiliation would be withdrawn by the Government/ universities on violation of the above conditions

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 98

28-02-2008- ൽ മറുപടിക്ക്

**അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ**

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
" എം. എ. വാഹീദ്
" ടി.എൻ. പ്രതാപൻ

(എ) അദ്ധ്യാപക നിയമനത്തിന് നടത്താനുദ്ദേശിക്കുന്ന യോഗ്യതാ പരീക്ഷ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിനും ബാധകമാക്കാൻ ഉദ്ദേശമുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ;

(ബി) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കു നിശ്ചയിക്കുന്ന യോഗ്യത ആവശ്യമില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ ?

**ഉത്തരം**

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)

(എ)&(ബി)

അൺ എയ്ഡഡ് വിദ്യാലയങ്ങളിലും അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത എയ്ഡഡ്/ഗവൺമെൻറ് മേഖലയിലേതു തന്നെയാണ്. ഈ മേഖലയിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്. സി.പി. നായർ ചെയർമാനായ കെ.ഇ.ആർ. പരിഷ്ക്കരണ കമ്മറ്റിയും ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്ന ഘട്ടത്തിൽ അൺ-എയ്ഡഡ് സ്കൂൾ അദ്ധ്യാപക യോഗ്യത കാര്യവും പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 99 — 28/02/2008-ൽ മറുപടിയ്ക്ക്

**എസ്.എസ്.എ.യ്ക്ക് കേന്ദ്ര ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | 115.18 കോടി രൂപ |
| ബി) | വനം വകുപ്പുമായി ചേർന്ന് നടപ്പാക്കിയ 'എന്റെ മരം' പദ്ധതിക്കു വേണ്ടി എസ്.എസ്.എ.യിൽ നിന്നും എത്ര തുക ചെലവഴിച്ചു; | ബി) | 'എന്റെ മരം' പദ്ധതിക്കു വേണ്ടി1,99,43,000/-രൂപ ചെലവഴിച്ചു. |
| സി) | ഇതിനുവേണ്ടി കൈപ്പുസ്തകം എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് അച്ചടിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അച്ചടി നിർവ്വഹിച്ചത് എവിടെയാണെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | സി) | ഇതിനുവേണ്ടി വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്യാൻ 'ഡയറി' അച്ചടിച്ചിരുന്നു. തിരുവനന്തപുരം മൺവിളയിലുള്ള സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സിലാണ് അച്ചടി നിർവ്വഹിച്ചത്. ഈയിനത്തിൽ കൊടുക്കേണ്ട 1,99,43,000/- രൂപയിൽ നിന്നും നികുതി കഴിച്ച് 1,94,63,943/-രൂപ പ്രസ്തുത സ്ഥാപനത്തിന് അച്ചടിയിനത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 100

28.02.2008-ൽ മറുപടിക്ക്

## ഡോ. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കുട്ടനാടിന്റെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ഡോ. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) കുട്ടനാടിന്റെ കാർഷിക മേഖലയുടെ വികസനത്തിനായി, ഡോ. സ്വാമിനാഥൻ കമ്മീഷൻ. കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ളതും ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തിക്കൊണ്ടുള്ളതുമായ വികസനമാണ് ശുപാർശ ചെയ്തിട്ടുള്ളത്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസനത്തിന് 335.5 കോടി രൂപയും ജീവനമാർഗ്ഗ സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ടുള്ള വികസനത്തിന് 1504.25 കോടി രൂപയും ആണ് ശുപാർശ ചെയ്തിരിക്കുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | ബി) ഇല്ല. |
| സി) കമ്മീഷൻ ശുപാർശ നടപ്പാക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | സി) കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) പദ്ധതിയ്ക്ക് 2007-08-ൽ തുക ലഭ്യമാക്കിയിട്ടുണ്ടോയെന്നും പദ്ധതിയ്ക്ക് ആവശ്യമായ പണം ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോയെന്നും അറിയിക്കുമോ; | ഡി) പദ്ധതിയ്ക്ക് 2007-2008 -ൽ തുക ലഭ്യമാക്കിയിട്ടില്ല. പദ്ധതി/ശുപാർശകൾ അംഗീകരിച്ച് പണം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ വിവിധനിലയിൽ സമ്മർദ്ദം ചെലുത്തി വരുകയാണ്. |
| ഇ) ഇടുക്കി ജില്ലയ്ക്ക് കാർഷിക പാക്കേജ് അനുവദിക്കുന്നതിനായി ഡോ. സ്വാമിനാഥൻ കമ്മീഷൻ പഠനം ആരംഭിച്ചിട്ടുണ്ടോ; | ഇ) ആരംഭിച്ചിട്ടുണ്ട്. |
| എഫ്) പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്ക് കേന്ദ്രത്തിന് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? | എഫ്) ഏറെ വൈകാതെ തന്നെ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### A പരിസ്ഥിതി സംരക്ഷണവും മെച്ചപ്പെടുത്തലും

| | | | രൂപ (കോടി) |
|---|---|---|---|
| 1 | ഓരുവെള്ളം കയറുന്നതു തടയുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും | - | 299.50 |
| 2 | പരിസ്ഥിതി മലിനീകരണ നിയന്ത്രണം | - | 2.50 |
| 3 | കളനിയന്ത്രണം | - | 30.00 |
| 4 | ജൈവ വൈവിദ്ധീകരണം ത്വരിതപ്പെടുത്തുക | - | 1.00 |
| 5 | ആരോഗ്യ പരിപാലനം, ശുചിത്വം മെച്ചപ്പെടുത്തൽ | - | 2.50 |

### B ഉപജീവനമാർഗ്ഗ സുരക്ഷിതത്വവും മെച്ചപ്പെടുത്തലും

B (I) കാർഷികാധിഷ്ഠിത ഉപജീവനമാർഗ്ഗം

| | | | |
|---|---|---|---|
| 1 | കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുക | - | 15.00 |
| 2 | നെൽ കൃഷിക്ക് അടിസ്ഥാന സൗകര്യം നൽകുക | - | 1315.60 |
| 3 | ക്രോപ്പ് കലണ്ടർ തയ്യാറാക്കുക | - | 7.90 |
| 4 | ഗവേഷണവും വിജ്ഞാനവ്യാപനവും ഊർജ്ജിതപ്പെടുത്തുക | - | 13.38 |
| 5 | കാർഷിക സാമ്പത്തിക സാദ്ധ്യത മെച്ചപ്പെടുത്തുക | - | 55.85 |
| 6 | കേരാധിഷ്ഠിത വ്യവസായ സംരംഭങ്ങളും സംയോജിത വികസനവും | - | 93.75 |

B (II) മത്സ്യാധിഷ്ഠിത ഉപജീവനമാർഗ്ഗം

| | | | |
|---|---|---|---|
| 1 | വേമ്പനാട് കായലിലെ മത്സ്യ സമ്പത്തിന്റെ ഉന്നമനം | - | 1.65 |
| 2 | അടിസ്ഥാന സൗകര്യ വികസനവും, മത്സ്യത്തൊഴിലാളി ക്ഷേമവും | - | 0 62 |

| | | | |
|---|---|---|---|
| B (III) | ടൂറിസ വികസനത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനം | - | 0.50 |
| | ആകെ | | **1839.75** |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101. 28-02-2008 - ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

ചോദ്യം ഉത്തരം

ശ്രീ. വി.ഡി. സതീശൻ:
ശ്രീ. എൻ. ശക്തൻ.

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര വിദ്യാലയങ്ങൾ ഉണ്ട്; | (എ) | കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഇത്തരം സ്ഥാപനങ്ങളിൽ ഏതു ക്ലാസ്സു വരെ അദ്ധ്യയനം നടക്കുന്നുണ്ട്; | (ബി) | ഇത്തരം സ്കൂളുകളിൽ 1 മുതൽ 4 വരെ, 1 മുതൽ 7 വരെ, 1 മുതൽ 12 വരെ, 8 മുതൽ 10 വരെ, 8 മുതൽ 12 വരെ ഇങ്ങനെ വിവധതരത്തിൽ അദ്ധ്യയനം നടക്കുന്നുണ്ട്. |
| (സി) | ഇവ ഏത് സിലബസ് അനുസരിച്ചാണ് അദ്ധ്യയനം നടത്തുന്നത്; | (സി) | ചില സ്കൂളുകൾ കേരള സിലബസിലും മറ്റുള്ളവയിൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സിലബസിലും ആണ് അദ്ധ്യയനം നടത്തുന്നത്. |
| (ഡി) | ഈ സ്ഥാപനങ്ങൾ നൽകുന്ന ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് അംഗീകരിക്കുന്നുണ്ടോ, | (ഡി) | അംഗീകാരമില്ലാത്ത സ്കൂളുകളുടെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കില്ല. |
| (ഇ) | ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തുടർ പഠനം എപ്രകാരമാണെന്ന് വിശദമാക്കാമോ? | (ഇ) | നാലാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രൈവറ്റ് സ്കീമനുസരിച്ച് ഏതെങ്കിലും അംഗീകൃത സ്കൂളിൽ നാലാം ക്ലാസ്സ് വാർഷികപ്പരീക്ഷയെഴുതി വിജയിക്കുന്ന പക്ഷം അഞ്ചാം ക്ലാസ്സിൽ ചേരുവാൻ വ്യവസ്ഥയുണ്ട്. എന്നാൽ അനംഗീകൃത സ്കൂളുകളിൽ അഞ്ചുമുതലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ അംഗീകൃത സ്കൂളുകളിൽ ചേർക്കാൻ വ്യവസ്ഥയില്ല. അങ്ങനെയുള്ളവർക്ക് സാക്ഷരതാമിഷൻ നടത്തുന്ന 'എ' ലവൽ പരീക്ഷയെഴുതി SSLC ക്ക് തുല്യമായ യോഗ്യത നേടുവാനുള്ള സാദ്ധ്യത ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 102 * — 28.2.2008 ന് മറുപടിക്ക്

### ഹിൽ ഹൈവേ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ :<br>ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. ജി. കാർത്തികേയൻ : | ശ്രീ. മോൻസ് ജോസഫ്<br>(ബഹു. മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഹിൽ ഹൈവേയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എ) കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് മുതൽ പാലക്കാട് ടൗൺ വരെയുള്ള ഹിൽ ഹൈവേയുടെ ഒന്നാംഘട്ട അലൈൻമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പാലക്കാട് ടൗൺ മുതൽ പാറശ്ശാലവരെയുള്ള രണ്ടാംഘട്ട അലൈൻമെന്റ് സംബന്ധിച്ച് നാറ്റ്പാക് സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) ഹിൽ ഹൈവേയുടെ പ്രവർത്തി തുടർന്നു നടത്തുവാൻ എന്തു നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ? | (ബി) ഹിൽ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചശേഷം പ്രവൃത്തികൾ നടത്തുന്നതിന് ധന ലഭ്യത അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 103

28-2-2008- ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ നിയമവും-ചട്ടവും പുതുക്കുന്നതിന് സമിതി

### ചോദ്യം

ശ്രീ. കെ.സി. വേണുഗോപാൽ
" പി. സി. വിഷ്ണുനാഥ്

(എ) കേരള വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും പുതുക്കുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ നിയോഗിച്ച സമിതിയിലെ അംഗങ്ങൾ ആരെല്ലാം ആയിരുന്നു ;

### ഉത്തരം

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി)

(എ) കേരള വിദ്യാഭ്യാസ നിയമം(1958), കേരള വിദ്യാഭ്യാസ ചട്ടം (1959) എന്നിവ പരിഷ്ക്കരിക്കുന്നതിനുവേണ്ടി ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ.സി.പി.നായർ (റിട്ട. ചീഫ് സെക്രട്ടറി) ചെയർമാനായി നിയമിക്കപ്പെട്ട കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

1. ഡോ.കെ.എൻ.ഗണേഷ്, ചരിത്രവിഭാഗം മേധാവി, കോഴിക്കോട് സർവ്വകലാശാല. — മെമ്പർ
2. ശ്രീ. വി.നാരായണൻ മാസ്റ്റർ, ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാപഞ്ചായത്ത്, കാസർഗോഡ്. — മെമ്പർ
3. ശ്രീ. എ.സുഹൃത്ത്കുമാർ, ലക്ചറർ, ഗവ: ലോ കോളേജ്, തിരുവനന്തപുരം. — മെമ്പർ
4. ശ്രീ. സി.കെ.പത്മാകരൻ, ജോയിൻറ് സെക്രട്ടറി, (നിയമവകുപ്പ്) ഗവ:സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. — മെമ്പർ
5. ശ്രീ. എ.കെ. ചന്ദ്രൻ, ജനറൽ സെക്രട്ടറി, കേരള സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ (കെ.എസ്.ടി.എ). — മെമ്പർ
6. ശ്രീ. എൻ.ശ്രീകുമാർ, ജനറൽ സെക്രട്ടറി, ഓൾ കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (എ.കെ.എസ്.ടി.യു). — മെമ്പർ
7 ശ്രീ. കെ. വിക്രമൻ നായർ, പ്രസിഡന്റ്, ഗവൺമെന്റ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (ജി.എസ്.ടി.യു). — മെമ്പർ

8 ശ്രീ. എൻ. ത്യാഗരാജൻ, മെമ്പർ സെക്രട്ടറി
ജോയിൻറ് ഡയറക്ടർ,
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം.

മേൽപ്പറഞ്ഞ അംഗങ്ങളിൽ ജി.എസ്.ടി.യു.വിൻെറ പ്രതിനിധിയായിരുന്ന ശ്രീ. കെ. വിക്രമൻ നായർ പിന്നീട് കമ്മിറ്റിയിൽ നിന്നും രാജി വെയ്ക്കുകയുണ്ടായി.

**(ബി)** പ്രസ്തുത സമിതിയിൽ മാനേജ്മെൻറ് സ്കൂളുകളുടെ പ്രതിനിധികൾ ആരെല്ലാമായിരുന്നു ;

**(ബി)** മാനേജ്മെൻറ് സ്കൂളുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിരുന്നില്ല.

**(സി)** പ്രസ്തുത സമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ; എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമാണ് ;

**(സി)** ഉണ്ട്. കമ്മിറ്റിയുടെ പ്രധാനപ്പെട്ട ശുപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിട്ടുണ്ട്

(ഡി) ഈ ശുപാർശകളിന്മേൽ പൊതു ചർച്ച നടത്താൻ ഉദ്ദേശ്യമുണ്ടോ ?

(ഡി)

ശ്രീ. സി.പി. നായർ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് വിശദമായി പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ

Government
103-a

# EXECUTIVE SUMMARY

**1. Creation of the post of Commissioner of General Education:**

At present the Secretary General Education is coordinating the functions of Directorate of Public Instruction, State Council of Educational Research and Training ( SCERT), Higher Secondary Directorate, Vocational Higher Secondary Directorate, State Institute of Educational Management and Training (SIEMAT) State Institute of Educational Technology (SIET) and Sarva Shiksha Abiyan (SSA) etc.. Because of, administrative burden there is hardly any effective co-ordination and systematic monitoring at present. Hence an officer higher in rank to the Secretary is required for the following functions-.

(i) Policy Formulation
(ii) Co-ordination among different Directorates.
(iii) Evolving implementation strategies.
(iv) Monitoring
(v) Periodical review and planning for improvement.

**2. Department:**

(a) "Department" Means the Department of General Education, comprising pre-primary education, primary education ,Secondary Education and Higher Secondary Education including vocational stream.

(b) Education from the level of Pre-Primary to Higher Secondary should form a single stream and come under one Head of Department designated as Director of School Education for continuous and comprehensive development.

**3. Constitution of Education Councils:**

(a) District Education Council means District Education Council constituted under *section* 25, Municipal Education Council/Corporation Education Council as constituted under section 28 and Village Panchayat Education Council means Village Panchayat Education Council as constituted under section 27.

(b) The councils are meant for ensuring effective participation and intervention at the grass roots level for the universalisation of quality education.

103-D

**4. Lateral linkages of schools with Local Self Government Institutions**

(a) There shall be lateral linkages of schools with the local self-government institution concerned.

(b) 66% of the Schools are in the private sector. The benefit of 60% of the Government expenditure goe̸s to aided schools-Local self government institutions are established under Constitutional provisions. Hence their interventions in all types of the schools is necessary for ensuring social accountability of schools, and for ascertaining cost effectiveness and universalisation of quality education.

**5. Closing down of a School**

At present for closing down a school the only requirement is one year's prior notice. Hence the permission of an authorized officer is required for safe guarding the public interest.

**6. Appointment of teaching and non-teaching staff in aided schools:**

Whenever a person is appointed in an aided school by a Manager, it becomes a life long financial liability to Government in terms of salary, gratuity pension etc. At present the benefit f 60% of the /Government expenditure goes to aided schools. However the Government has no role in ensuring the selection of candidates based on social justice and Constitutional provisions. In fact on the basis of the huge of amount expended so far all the properties of the aided school ought to have become the assets of Government. Hence the Statutory Agency shall be empowered for the selection of candidates for appointment.

**7. Non-payment of salary on retrenchment:**

At present there are a number of excess teachers in aided schools getting salary without any work under the pretext of "parent school protection" Even Government School teachers do not have this privilege. Hence the principle of "no work no pay" should be enforced till they are actually deployed in clear vacancies.

**8. School Development Committee:**

The Local Self-government institutions concerned may constitute a School Development Committee (SDC) at the School level as prescribed in the rules, for effective implementation and monitoring of educational programmes with the intervention of Local Self Government Institution.

**9. State Curriculum Committee:**

(a) There shall be a State Curriculum Committee under the chairmanship of the Minister of Education. The Commissioner of General Education shall be the Vice

103-U

Chairman and the Director of SCERT shall be the Convener. The members of the Committee shall be as appointed by the Government from time to time.

(b) The provision n the Act is for ensuring statutory validity.

10. Opening and up gradation of any type of school in the State shall be with the recommendation of local self-government institution concerned, with appropriate school mapping, particularly ascertaining the educational need of the locality.
11. The provision of private study has been deleted because private students cannot cope-up with the revised pedagogy and continuous and comprehensive evaluation. They can join either open school system or the scheme under State Literacy Mission.
12. The mentioning of religion and community in the application for admission has been made optional.
13. Maximum and minimum strength of a class division have been reduced as follows:-

| Section | Minimum | Maximum |
|---|---|---|
| (i) Primary | 15 | 25 |
| (ii) Secondary | 18 | 30 |
| (iii) Higher Secondary | 23 | 40 |

14. Teachers Training and the curricular activities are to be done without adversely affecting the instructional days of the pupils since the statutory right of the children and the learning experience as envisaged in the curriculum cannot be denied at any cost.
15. The rate of tuition fees in Unaided Schools has been enhanced to facilitate the payment of salaries to the teachers at Government rate on the principle of "equal pay for equal work".
16. Only persons appointed in regular vacancies in aided schools shall have future claim on retrenchment. No salary will be paid till they are deployed in clear established vacancies, with a view to curtailing the misuse of rule 58 Chapter XIV.
17. Educational Officers shall complete the action on approval of appointment or any other matter of dispute within 2 months of receipt of the proposal, to, ensure time bound action for avoiding delays in disposals.
18. Appeals if any preferred within a month of the receipt of orders concerned shall be disposed of by the Educational Officers concerned within 2 months of receipt.
19. The revision petitions submitted within a month of the receipt of orders concerned shall be disposed of by the authority concerned within 2 months.
20. There shall be only one appeal and one revision on any matter of dispute such as approval of appointment, staff fixation and disciplinary actions etc, in order to ensure final resolution of any issue by avoiding endless litigation.

21. The teachers of Unaided School shall be paid salary at Government rates and payment should be through account payee cheque issued to the account of the teachers opened in any of the nationalized bank in the state to avoid financial mismanagement.
22. The functions of State Advisory Board of Education (SABE) are made more specific.
23. There shall be no schools on shift system or sessional system.
24. The post of Headmaster in Lower Primary and Upper Primary schools should not be reduced from the total numbers of class divisions admissible in the school, for facilitating effective monitoring and supervision of curricular activities in the school.
25. The duration of a period is one hour; the minimum number of period required for a part time post is 3.
26. On completion of 5 years' continuous service a teacher shall be eligible for full time benefit provided there are 6 periods of work per week.
27. The minimum number of period required for a full time post is 11 and the maximum is 19.
28. There shall be subject wise teachers as per curriculum requirement and number of periods separately in primary, Secondary and Higher Secondary sections.
29. The pattern of Non-teaching staff is rationalized in LP, UP Secondary and Higher Secondary sections.
30. The minimum qualification in any category of post is 55 % marks or corresponding grade in the general and professional qualifications prescribed for, ensuring quality education. The Government shall conduct State Eligibility Test for the post of Primary Teacher, Secondary Teacher and Higher Secondary School Teacher.
31. There shall be Panchayat/Municipality/Corporation Education Officer with the prescribed qualifications of the Principal of Higher Secondary School for effective monitoring and coordinating of academic activities to be implemented in the Local Self Government Institutions concerned, from pre primary to Higher Secondary classes.
32. Rules have been framed for giving statutory support to the schools for differently abled children.
33. There is provision for conducting election to the Education Councils constituted at different levels of Local self government institutions, to ensure the representative character of members.
34. Rules have been framed to ensure transparency as well as merit and social justice in the recruitment of teaching and non-teaching staff in aided schools.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:104 28/02/2008 ൽ മറുപടിയ്ക്ക്

## ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.എം.എം.മോനായി:<br>ശ്രീ.ബി.രാഘവൻ:<br>ശ്രീ.എ.എം.യൂസഫ്:<br>ശ്രീമതി കെ.എസ്.സലീഖ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു കൂടി ഉച്ചഭക്ഷണം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ഹൈസ്കൂൾ വിഭാഗത്തിലെ 8-ാം ക്ലാസ്സിലെ കുട്ടികളെ 2007-08 അദ്ധ്യയന വർഷം മുതൽ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) എട്ടാം ക്ലാസ്സിൽ പഠിക്കുന്ന 4,57,579 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (സി) ഇതിനായി പ്രതിവർഷം എന്തുതുകയാണ് അധികമായി ആവശ്യമുള്ളത്; | (സി)എട്ടാം ക്ലാസ്സിലെ കുട്ടികൾക്കുകൂടി ഉച്ചഭക്ഷണ പദ്ധതി വ്യാപിപ്പിക്കുന്നതിനായി ഈ അദ്ധ്യയന വർഷം മൊത്തം 17 കോടി രൂപ അധികമായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ഈ ആവശ്യത്തിലേക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നില്ല. ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പര്യാപ്തമായ സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 105 — 28.2.2008 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ. കളുടെ പ്രവർത്തനം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്:<br>ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീമതി. കെ. കെ. ലതിക: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തുടനീളമുള്ള ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

കേന്ദ്ര ഗവൺമെൻറിൻെറ "മികവിൻെറ കേന്ദ്രം" പദ്ധതി പ്രകാരം മൂന്നു ഘട്ടങ്ങളിലായി 9 ഐ.ടി.ഐ. കളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2008-09 മുതൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് പദ്ധതി പ്രകാരം 5 ഐ.ടി.ഐ. കളിൽ (ഐ.ടി.ഐ, ആറ്റിങ്ങൽ, ഐ.ടി.ഐ, ചെങ്ങന്നൂർ, ഐ.ടി.ഐ കോഴിക്കോട്, ഐ.ടി.ഐ കണ്ണൂർ, ഐ.ടി.ഐ, കാസറഗോഡ്) മികവിൻെറ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടാണ് പുതിയ കോഴ്സുകൾ ആരംഭിക്കുന്നത്. ഇതിനായി രണ്ടരക്കോടി രൂപ വീതം ഓരോ ഐ.ടി.ഐ. കളുടേയും, ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെൻറ് കമ്മിറ്റികൾക്ക് കേന്ദ്ര ഗവൺമെൻറു വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പരമ്പരാഗതവും, തൊഴിൽ സാദ്ധ്യത കുറഞ്ഞതുമായ ട്രേഡുകൾ നിർത്തൽ ചെയ്ത് പകരം തൊഴിൽ സാദ്ധ്യതയേറിയ ആധുനിക ട്രേഡുകൾ നടപ്പിലാക്കിവരുന്നു.

ഇവയ്ക്കു പുറമേ തൊഴിൽ വൈദഗ്ദ്ധ്യം ഉള്ളവർക്ക് അവരുടെ കഴിവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായുള്ള "ടെസ്റ്റിംഗ് ആൻറ് സർട്ടിഫിക്കേഷൻ" പദ്ധതി 7 ഐ.ടി.ഐ. കളിൽ (ഐ.ടി.ഐ., ചാക്ക, ഐ.ടി.ഐ, ധനുവച്ചപുരം. ഐ.ടി.ഐ, ചന്ദനത്തോപ്പ്, ഐ.ടി.ഐ. കളമശ്ശേരി. ഐ.ടി.ഐ, മലമ്പുഴ, ഐ.ടി.ഐ, കോഴിക്കോട്, ഐ.ടി.ഐ, കണ്ണൂർ) നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ഐ.ടി.ഐ. കളിൽ നിന്നും പരിശീലനം പൂർത്തിയാക്കിയവർക്കായി എംപ്ലോയ്മെൻറ് ആൻറ് ഫിനിഷിംഗ് സ്ക്കൂൾ പദ്ധതി പ്രകാരം വിവിധ ട്രേഡുകളിൽ പ്രാവീണ്യം നേടുന്നതിനും ആധുനിക തൊഴിൽ സാഹചര്യങ്ങളോട് സമരസപ്പെട്ടു പോകുന്നതിനുമുള്ള പ്രത്യേക പരിശീലനം നൽകി വരുന്നു. ടി പദ്ധതി സംസ്ഥാനത്തെ 10 ഐ.ടി.ഐ. കളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട് (ഐ.ടി.ഐ, ചാക്ക. ഐ.ടി.ഐ, ചന്ദനത്തോപ്പ്, ഐ.ടി.ഐ, ചാലക്കുടി, ഐ.ടി.ഐ, മലമ്പുഴ, ഐ.ടി.ഐ, കോഴിക്കോട്, ഐ.ടി.ഐ, തോട്ടട, കണ്ണൂർ.

| | |
|---|---|
| | ഐ.ടി.ഐ. കഴക്കൂട്ടം (വനിത), ഐ.ടി.ഐ. കളമശ്ശേരി, ഐ.ടി.ഐ, അരീക്കോട്, ഐ.ടി.ഐ. (വനിത), മലമ്പുഴ). കേന്ദ്ര ഗവൺമെൻറിൻെറ മോഡ്യുലാർ എംപ്ലോയബിൾ സ്കിൽസ് പരിശീലന പദ്ധതി പ്രകാരം ഹ്രസ്വകാല സ്പെഷ്യലൈസേഷൻ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയ്ക്കു പുറമേ സംസ്ഥാനത്തിലെ 7 ഐ.ടി.ഐ. കൾ 2008-09 - ൽ ഒന്നാം ഗ്രേഡ് ഐ.ടി.ഐ. കളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അവശേഷിക്കുന്ന രണ്ടാം ഗ്രേഡ് ഐ.ടി.ഐ. കൾ കൂടി ഒന്നാം ഗ്രേഡ് ആയി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പുതുതായി ഏതെങ്കിലും ട്രേഡ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതോടൊപ്പം പ്രസ്തുത ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് വിദഗ്ദ്ധരായ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പുതിയ ട്രേഡുകൾ പഠിപ്പിക്കുന്നതിനായി വിദഗ്ദ്ധ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) കൂടുതൽ ഐ.ടി.ഐ. കളെ മികവിൻെറ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. മികവിൻെറ കേന്ദ്രം പദ്ധതി പ്രകാരം മൂന്നു ഘട്ടങ്ങളിലായി 9 ഐ.ടി.ഐ. കളിൽ വിദ്യാർത്ഥികൾക്ക് ഇതിനകം പ്രവേശനം ലഭ്യമാക്കിയിട്ടുണ്ട് (ഐ.ടി.ഐ, ചാക്ക, ഐ.ടി.ഐ, ചന്ദനത്തോപ്പ്, ഐ.ടി.ഐ, ഏറ്റുമാനൂർ, ഐ.ടി.ഐ, കളമശ്ശേരി, ഐ.ടി.ഐ, ചാലക്കുടി, ഐ.ടി.ഐ, പള്ളിക്കത്തോട്, ഐ.ടി.ഐ (വനിത), കൊല്ലം, ഐ.ടി.ഐ, ധനുവച്ചപുരം, ഐ.ടി.ഐ, മലമ്പുഴ). കൂടാതെ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് പദ്ധതി പ്രകാരം 5 ഐ.ടി.ഐ. കളിൽ (ഐ.ടി.ഐ, ആറ്റിങ്ങൽ, ഐ.ടി.ഐ, ചെങ്ങന്നൂർ, ഐ.ടി.ഐ കോഴിക്കോട്, ഐ.ടി.ഐ കണ്ണൂർ, ഐ.ടി.ഐ. കാസറഗോഡ്) 2008 09 മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ കളും മികവിൻെറ കേന്ദ്രങ്ങളായി ഉയർത്തുന്നതാണ്. |
| (ഇ) പുതുതായി ഐ.ടി.ഐ. കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ഉണ്ട്. ഭൂമിയും കെട്ടിടവും ഫർണിച്ചറും ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിനോട് 47 ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ 40 ഐ.ടി.ഐ. കൾ തുടങ്ങുന്നതിനായി കേന്ദ്ര സർക്കാരിൻെറ സ്കിൽ ഡെവലപ് മെൻറ് മിഷൻ എന്ന പദ്ധതിവഴി ധനസഹായം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

എ) കേന്ദ്രഗവൺമെൻറിൻെറ "മികവിൻെറ കേന്ദ്രം" പദ്ധതിപ്രകാരം 9 ഐ.ടി.ഐകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു. കൂടാതെ പബ്ളിക് പ്രൈവറ്റ് പാർട്ണർഷിപ്പ് പദ്ധതിപ്രകാരം 5 ഐ.ടി.ഐകളിൽ അടുത്തവർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നു. ടി ഐ.ടി.ഐകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടാണ് പുതിയ കോഴ്സുകൾ ആരംഭിക്കുന്നത്. ഇവക്കുപുറമെ തൊഴിൽ വൈദഗ്ദ്ധ്യം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്ന ടെസ്റ്റിങ് ആൻറ് സർട്ടിഫിക്കേഷൻ പദ്ധതി 7 ഐ.ടി.ഐകളിലും, ഐ.ടി.ഐ പരിശീലനം പൂർത്തിയാക്കിയവരെ ആധുനിക തൊഴിൽ സാഹചര്യങ്ങളുമായി സമരസപ്പെട്ടു പോകുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നതിനായി എംപ്ലോയ്മെൻറ് ആൻറ് ഫിനിഷിങ് സ്കൂൾ പദ്ധതി സംസ്ഥാനത്തെ 10 ഐ.ടി.ഐ. കളിലും ആരംഭിച്ചു. കേന്ദ്ര ഗവൺമെൻറിൻെറ മോഡ്യുലാർ എംപ്ലോയബിൾ സ്കിൽസ് പരിശീലന പദ്ധതി പ്രകാരം ഹ്രസ്വകാല സ്പെഷ്യലൈസേഷൻ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുള്ള 7 ഐ.ടി.ഐ. കളെ കൂടി ഒന്നാം ഗ്രേഡ് ഐ.ടി.ഐ. കളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പരമ്പരാഗതവും തൊഴിൽ സാദ്ധ്യത കുറഞ്ഞതുമായ ട്രേഡുകൾ നിർത്തൽ ചെയ്ത് പകരം തൊഴിൽ സാദ്ധ്യതയേറിയ ആധുനിക ട്രേഡുകൾ നടപ്പിലാക്കിവരുന്നു.

ബി) പി.പി.പി പദ്ധതി പ്രകാരം സി.ഒ.ഇ. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ഐ.ടി.ഐ. കളിലും സി.ഒ.ഇ യുടെ രണ്ടാം ഘട്ടത്തിലും എസ്.സി.വി.ടി. യുടെ കീഴിലുമായി പുതുതായി ആരംഭിച്ച വിവിധ ട്രേഡുകളുടെ വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

സി) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനോടൊപ്പം വിദഗ്ധരായ പരിശീലകർക്ക് നിയമനം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

ഡി) മികവിൻെറ കേന്ദ്രം പദ്ധതിയിൽ കേരളത്തിലെ എല്ലാ ഐ.ടി.ഐ. കളേയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ടി പദ്ധതി നടപ്പിലാക്കിവരുന്ന ഐ.ടി.ഐ. കളുടെ പേരുവിവരം അനുബന്ധം 2-ൽ ചേർക്കുന്നു.

ഇ) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമസഭാംഗങ്ങൾ എന്നിവർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതുതായി ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് 40 കോടി രൂപ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൻെറ അനുമതിക്ക് ഫയൽ സമർപ്പിച്ചപ്പോൾ ഇതിനായി 2008-09 ലെ പ്ലാൻ ഫണ്ടിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് പ്ലാനിങ് ബോർഡിന് കത്തയക്കുവാൻ നിർദ്ദേശിച്ചതിൻെറ വെളിച്ചത്തിൽ 11.12.2007-ൽ കത്ത് നമ്പർ 14415/സി3/20[illegible] പ്രകാരം കത്തയക്കുകയുണ്ടായി.

105-b

Annexure I

| Trade / Sector | |
|---|---|
| Food Processing | Centres of Excellence |
| Production & Manufacturing Cluster | |
| Hospitality Sector | |
| Industrial Sector (Electrical) | |
| Electronics Sector | Public Private Partnership Mode |
| Fabrication Sector | |
| Information Technology Sector | |
| Mechanic Auto Electric and Electronics | SCVT |
| Architectural Assistant | |
| Interior Decoration | |
| Network Technician | |
| Health Sanitary Inspector | |
| Digital Photographer | |
| Hospital House Keeping | |
| Mechanic Industrial Electronics | |
| Mechanic Computer Hardware | |
| Front Office Assistant | |

For Director of Training

Annexure - II

105-C

Lists of ITIs started under Centres of Excellence schemes

Centres of Excellence First phase (domestic funding)

1. ITI, Chackai
2. ITI, Chandanathope
3. ITI, Kalamassery
4. ITI, Chalakudy
5. ITI, Ettumanoor

Centres of Excellence Second phase (World Bank Assistance)

1. ITI, Dhanuvachapuram
2. ITI, Kollam (W)
3. ITI, Pallickathode
4. ITI, Malampuzha

Public Private Partnership Mode

1. ITI, Attingal
2. ITI, Chengannur
3. ITI, Kozhikode
4. ITI, Kannur
5. ITI, Kasaragode

For Director of Training.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:106 28/02/2008 ൽ മറുപടിയ്ക്ക്

## ഐ.ടി. അധിഷ്ഠിത പഠന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ:<br>ശ്രീ.എം.കെ.പ്രേമനാഥ്:<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ തലത്തിൽ ഐ.ടി.അധിഷ്ഠിത പഠന പരിപാടി പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം പ്രധാന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; | (എ) സ്കൂൾതലത്തിൽ ഐ.ടി.അധിഷ്ഠിത പഠനം നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു:<br>1 )ഹൈസ്കൂൾ ക്ലാസ്സുകളിൽ ഐ.ടി അധിഷ്ഠിത പഠനം വ്യാപകമാക്കുന്നതിന് മുന്നോടിയായി ശാസ്ത്രം, ഗണിതം എന്നി വിഷയങ്ങളുടെ പഠനത്തിന് സ്വതന്ത്ര സോഫ്റ്റ്വെയറിലധിഷ്ഠിതമായ ഫിസിക്സ്, Dr.ജിയോ എന്നീ സോഫ്റ്റ്വെയറുകളുപയോഗപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ക്ലാസ്സ്റൂം പഠനം കാര്യക്ഷമമാക്കുന്നതിനായി Tryout നടത്തുകയുണ്ടായി. ഈ പദ്ധതി വിജയകരമായതിനാൽ സംസ്ഥാനത്ത് മുഴുവൻ വിദ്യാലയങ്ങളിലും പ്രസ്തുത സോഫ്റ്റ്വെയറുകൾ ഉപയോഗപ്പെടുത്താനും മറ്റു വിഷയങ്ങൾക്ക് കൂടി സഹായകരമാകുന്ന രീതിയിൽ കൂടുതൽ ഉള്ളടക്കം നിർമ്മിക്കാനുമുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.<br>2) യു.പി തലത്തിൽ ഈ അദ്ധ്യയനവർഷം അവസാന ടേമിൽ ശാസ്ത്രമാനവിക വിഷയങ്ങളുടെ പഠനം ഐ.ടി. അധിഷ്ഠിതമാക്കുക യെന്ന ലക്ഷ്യത്തോടെ ഓരോ വിദ്യാഭ്യാസ ജില്ല |

→

| | |
|---|---|
| | യിൽ നിന്നും തെരഞ്ഞെടുത്ത ഓരോ വിദ്യാലയത്തിൽ പൈലറ്റ് നടത്തുകയുണ്ടായി. UP Rollout എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതി C-DIT ന്റെ സഹായത്തോടെ സ്വതന്ത്ര സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ പഠന വിഭവ സി.ഡി ഉപയോഗപ്പെടുത്തിയാണ് നടപ്പിലാക്കിയത്. ഇതിനായി പ്രസ്തുത വിദ്യാലയങ്ങളിലെ അധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം നൽകി. പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്.<br>3) ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വിജ്ഞാനസ്രോതസ്സായ ഇന്റർനെറ്റിന്റെ സൗകര്യം ഉപയോഗപ്പെടുത്തി ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും 3 ഘട്ടങ്ങളിലായി ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 1-ാം ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന 996 സ്കൂളുകളിൽ 338 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ നൽകിക്കഴിഞ്ഞു.<br>4) എഡ്യൂസാറ്റ് സാങ്കേതിക വിദ്യയുപയോഗിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ വിക്ടേഴ്സ് ചാനലിലൂടെ Pre-Primary മുതൽ ഹയർസെക്കൻഡറിവരെയുള്ള വിദ്യാർത്ഥികൾക്ക് നിലവിലുള്ള കരിക്കുലവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പരിപാടികൾ, SSLC, +2 ഉൾപ്പെടെയുള്ള ചോദ്യ പരീക്ഷാ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ തുടങ്ങിയവ സംപ്രേക്ഷണം ചെയ്തു വരുന്നു. പ്രാദേശിക കേബിൾ ശൃംഖലകളുടെ സഹകരണത്തോടെ സംസ്ഥാനത്തെ 70% പ്രദേശങ്ങളിൽ ഇപ്പോൾ ചാനലിലൂടെയുള്ള പരിപാടികൾ ലഭ്യമാണ്. |

| | |
|---|---|
| (ബി) ഐ.ടി.അധിഷ്ഠിത പഠന പരിപാടി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്? | (ബി) ഇതിനോടകം നടപ്പിലാക്കിയ പരിപാടികൾ തുടരുന്നതിന് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഓരോ സർക്കാർ ഹൈസ്കൂളിനും ഐ.ടി.അധിഷ്ഠിത പഠനത്തിനുള്ള സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.<br>• യു.പി.സ്കൂളുകളിൽ ഐ.ടി അധിഷ്ഠിത പഠനം വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള അദ്ധ്യാപക പരിശീലനവും ഉള്ളടക്കനിർമ്മാണവും 2006 ഏപ്രിൽ മാസം മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>• ഹൈസ്കൂൾ ക്ലാസ്സുകളിൽ പാഠ്യപദ്ധതി വിനിമയത്തിന് ഇൻറർനെറ്റ് ഉപയോഗപ്പെടുത്തുന്നതിന് അദ്ധ്യാപക പരിശീലനപരിപാടി അടുത്ത അധ്യയന വർഷത്തിനുമുമ്പായി നടത്തുന്നതാണ്.<br>• സ്വതന്ത്ര സോഫ്റ്റ്വെയറിലധിഷ്ഠിതമായി പഠനവിഭവങ്ങളുടെ ഉള്ളടക്കത്തിന്റെയും നിർമ്മാണത്തിന്റെയും പരിശീലനവും നടത്തുന്നതാണ്.<br>• വിക്ടേഴ്സ് ചാനൽ, ഐ.ടി @ സ്കൂൾ വെബ്സൈറ്റ് തുടങ്ങിയവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:107 — 28/02/2008 ൽ മറുപടിയ്ക്ക്

## കേന്ദ്രീയ വിദ്യാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി ജെ.അരുന്ധതി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കേന്ദ്രീയ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) സംസ്ഥാനത്ത് ഇപ്പോൾ 26 കേന്ദ്രീയ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങുന്നതിന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കേന്ദ്രീയ വിദ്യാലയസംഘതൻ മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) പുതുതായി കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br>(ഡി) കേരളത്തിൽ കൂടുതൽ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാവുമോ? | (സി)യും (ഡി) യും<br>ഉണ്ട്.<br>പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പുതുതായി കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് അതത് ജില്ലാകളക്ടർമാർ കേന്ദ്രീയ വിദ്യാലയ സംഘതന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇവ അനുവദിച്ചു കിട്ടുന്നതിലേയ്ക്കായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 108

28-02-2008- ൽ മറുപടിക്ക്

**കെ. ഇ. ആർ. പരിഷ്കരണസമിതിയുടെ ശുപാർശകൾ**

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ
ശ്രീ. അൽഫോൺസ് കണ്ണന്താനം
" കെ.ടി. ജലീൽ
" പി. കൃഷ്ണപ്രസാദ്

**(എ)** കെ.ഇ.ആർ. പരിഷ്കരണസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ സമിതി നിർദ്ദേശിച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

**(ബി)** പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സമിതി ശുപാർശ നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

**(സി)** റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും ചർച്ച നടത്താൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി)

**(എ)**
ഉണ്ട്. കമ്മിറ്റിയുടെ പ്രധാനപ്പെട്ട ശുപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**(ബി)** ഉണ്ട്. എല്ലാ വിഭാഗങ്ങളിലുമുള്ള അദ്ധ്യാപകർക്ക് നിയമനം ലഭിക്കുന്നതിന് പൊതു/പ്രൊഫഷണൽ യോഗ്യതയിൽ കുറഞ്ഞത് 55 % മാർക്ക് വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, പ്രൈമറി, സെക്കൻററി, ഹയർ സെക്കൻററി വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് ജോലി ലഭിക്കുന്നതിന് യോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണമെന്ന നിബന്ധന കൊണ്ടുവരുവാനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**(സി)** ശ്രീ. സി.പി. നായർ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് വിശദമായി പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ.

# EXECUTIVE SUMMARY

**1. Creation of the post of Commissioner of General Education:**

At present the Secretary General Education is coordinating the functions of Directorate of Public Instruction, State Council of Educational Research and Training ( SCERT), Higher Secondary Directorate, Vocational Higher Secondary Directorate, State Institute of Educational Management and Training (SIEMAT) State Institute of Educational Technology (SIET) and Sarva Shiksha Abiyan (SSA) etc.. Because of, administrative burden there is hardly any effective co-ordination and systematic monitoring at present. Hence an officer higher in rank to the Secretary is required for the following functions-.

(i) Policy Formulation

(ii) Co-ordination among different Directorates.

(iii) Evolving implementation strategies.

(iv) Monitoring

(v) Periodical review and planning for improvement.

**2. Department:**

(a) "Department" Means the Department of General Education, comprising pre-primary education, primary education ,Secondary Education and Higher Secondary Education including vocational stream.

(b) Education from the level of Pre-Primary to Higher Secondary should form a single stream and come under one Head of Department designated as <u>Director of School Education</u> for continuous and comprehensive development.

**3. Constitution of Education Councils:**

(a) District Education Council means District Education Council constituted under section 25, Municipal Education Council/Corporation Education Council as constituted under section 28 and Village Panchayat Education Council means Village Panchayat Education Council as constituted under section 27.

(b) The councils are meant for ensuring effective participation and intervention at the grass roots level for the universalisation of quality education.

108.b

**4. Lateral linkages of schools with Local Self Government Institutions**

(a) There shall be lateral linkages of schools with the local self-government institution concerned.

(b) 66% of the Schools are in the private sector. The benefit of 60% of the Government expenditure goes to aided schools-Local self government institutions are established under Constitutional provisions. Hence their interventions in all types of the schools is necessary for ensuring social accountability of schools, and for ascertaining cost effectiveness and universalisation of quality education.

**5. Closing down of a School**

At present for closing down a school the only requirement is one year's prior notice. Hence the permission of an authorized officer is required for safe guarding the public interest.

**6. Appointment of teaching and non-teaching staff in aided schools:**

Whenever a person is appointed in an aided school by a Manager, it becomes a life long financial liability to Government in terms of salary, gratuity pension etc. At present the benefit f 60% of the /Government expenditure goes to aided schools. However the Government has no role in ensuring the selection of candidates based on social justice and Constitutional provisions. In fact on the basis of the huge of amount expended so far all the properties of the aided school ought to have become the assets of Government. Hence the Statutory Agency shall be empowered for the selection of candidates for appointment.

**7. Non-payment of salary on retrenchment:**

At present there are a number of excess teachers in aided schools getting salary without any work under the pretext of "parent school protection" Even Government School teachers do not have this privilege. Hence the principle of "no work no pay" should be enforced till they are actually deployed in clear vacancies.

**8. School Development Committee:**

The Local Self-government institutions concerned may constitute a School Development Committee (SDC) at the School level as prescribed in the rules, for effective implementation and monitoring of educational programmes with the intervention of Local Self Government Institution.

**9. State Curriculum Committee:**

(a) There shall be a State Curriculum Committee under the chairmanship of the Minister of Education. The Commissioner of General Education shall be the Vice

109.C

Chairman and the Director of SCERT shall be the Convener. The members of the Committee shall be as appointed by the Government from time to time.

(b) The provision n the Act is for ensuring statutory validity.

10. Opening and up gradation of any type of school in the State shall be with the recommendation of local self-government institution concerned, with appropriate school mapping, particularly ascertaining the educational need of the locality.
11. The provision of private study has been deleted because private students cannot cope-up with the revised pedagogy and continuous and comprehensive evaluation. They can join either open school system or the scheme under State Literacy Mission.
12. The mentioning of religion and community in the application for admission has been made optional.
13. Maximum and minimum strength of a class division have been reduced as follows:-

| Section | Minimum | Maximum |
|---|---|---|
| (i) Primary | 15 | 25 |
| (ii) Secondary | 18 | 30 |
| (iii) Higher Secondary | 23 | 40 |

14. Teachers Training and the curricular activities are to be done without adversely affecting the instructional days of the pupils since the statutory right of the children and the learning experience as envisaged in the curriculum cannot be denied at any cost.
15. The rate of tuition fees in Unaided Schools has been enhanced to facilitate the payment of salaries to the teachers at Government rate on the principle of "equal pay for equal work".
16. Only persons appointed in regular vacancies in aided schools shall have future claim on retrenchment. No salary will be paid till they are deployed in clear established vacancies, with a view to curtailing the misuse of rule 56 Chapter XIV.
17. Educational Officers shall complete the action on approval of appointment or any other matter of dispute within 2 months of receipt of the proposal, to, ensure time bound action for avoiding delays in disposals.
18. Appeals if any preferred within a month of the receipt of orders concerned shall be disposed of by the Educational Officers concerned within 2 months of receipt.
19. The revision petitions submitted within a month of the receipt of orders concerned shall be disposed of by the authority concerned within 2 months.
20. There shall be only one appeal and one revision on any matter of dispute such as approval of appointment, staff fixation and disciplinary actions etc, in order to ensure final resolution of any issue by avoiding endless litigation.

108-d

21. The teachers of Unaided School shall be paid salary at Government rates and payment should be through account payee cheque issued to the account of the teachers opened in any of the nationalized bank in the state to avoid financial mismanagement.
22. The functions of State Advisory Board of Education (SABE) are made more specific.
23. There shall be no schools on shift system or sessional system.
24. The post of Headmaster in Lower Primary and Upper Primary schools should not be reduced from the total numbers of class divisions admissible in the school, for facilitating effective monitoring and supervision of curricular activities in the school.
25. The duration of a period is one hour; the minimum number of period required for a part time post is 3.
26. On completion of 5 years' continuous service a teacher shall be eligible for full time benefit provided there are 6 periods of work per week.
27. The minimum number of period required for a full time post is 11 and the maximum is 19.
28. There shall be subject wise teachers as per curriculum requirement and number of periods separately in primary, Secondary and Higher Secondary sections.
29. The pattern of Non-teaching staff is rationalized in LP, UP Secondary and Higher Secondary sections.
30. The minimum qualification in any category of post is 55 % marks or corresponding grade in the general and professional qualifications prescribed for, ensuring quality education. The Government shall conduct State Eligibility Test for the post of Primary Teacher, Secondary Teacher and Higher Secondary School Teacher.
31. There shall be Panchayat/Municipality/Corporation Education Officer with the prescribed qualifications of the Principal of Higher Secondary School for effective monitoring and coordinating of academic activities to be implemented in the Local Self Government Institutions concerned, from pre primary to Higher Secondary classes.
32. Rules have been framed for giving statutory support to the schools for differently abled children.
33. There is provision for conducting election to the Education Councils constituted at different levels of Local self government institutions, to ensure the representative character of members.
34. Rules have been framed to ensure transparency as well as merit and social justice in the recruitment of teaching and non-teaching staff in aided schools.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 109 — 28.02.2008-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. പി.കെ. ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന തൊഴിലാളികൾക്ക് പ്രത്യേക രജിസ്ട്രേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; | (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന തൊഴിലാളികൾക്ക് പ്രത്യേക രജിസ്ട്രേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇവർക്കു വേണ്ടി ജില്ലതോറും മോണിട്ടറിംഗ് സെൽ രൂപീകരിക്കുമോ;<br><br>(സി) ഇവരുടെ ക്ഷേമത്തിനു വേണ്ടി കുടിയേറ്റ തൊഴിലാളി ക്ഷേമ സെല്ലുകൾ രൂപീകരിക്കുമോ; | (ബി) + (സി) | അന്തർ സംസ്ഥാന തൊഴിലാളികൾ അധികമായി ജോലി ചെയ്തു വരുന്ന മേഖലകളിൽ കൂട്ടായ പരിശോധന നടത്തി നിയമ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും ഇവരുടെ പരാതികളിൽ താമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ നേതൃത്വത്തിൽ പ്രത്യേക സെല്ലുകൾ ഇപ്പോൾത്തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ല തോറും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കുന്നതിനെ സംബന്ധിച്ചും ആലോചിക്കാവുന്നതാണ്. |
| (ഡി) പ്രസ്തുത തൊഴിലാളികളുടെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി അവരുടെ ഭാഷയിൽ പഠിപ്പിക്കുന്ന പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഓരോ അന്യസംസ്ഥാന കുട്ടികളുടേയും മാതൃഭാഷയിലുള്ള പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുകയെന്നതു പ്രായോഗികമല്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 110 — 28/02/2008-ൽ മറുപടിയ്ക്ക്

## പാഠപുസ്തകപരിഷ്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ;<br>ശ്രീ.പി.തിലോത്തമൻ;<br>ശ്രീ.പള്ളിപ്രം ബാലൻ | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷത്തേക്ക് പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പരിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. I, III, V, VII എന്നീ ക്ലാസ്സുകളിലെ എല്ലാ പാഠപുസ്തകങ്ങളും പരിഷ്ക്കരിക്കുന്നുണ്ട്. കൂടാതെ 11-ാം ക്ലാസ്സിലെ കെമിസ്ട്രി, ഫിസിക്സ്, ബോട്ടണി, സുവോളജി, ഗണിതം, ജോഗ്രഫി എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, എന്നീ വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടി യുടെ പരിഷ്കരിച്ച സിലബസിനെ അടിസ്ഥാനപ്പെടുത്തിയുള്ള പുസ്തകങ്ങൾ തയ്യാറാക്കി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 12-ാം ക്ലാസിലെ സിലബസിൽ യാതൊരു മാറ്റവും ഇല്ലെങ്കിലും കെമിസ്ട്രി, ഫിസിക്സ്, ബോട്ടണി, സുവോളജി, ഗണിതം, ജോഗ്രഫി, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടിയുടെ പ്രീ റിവൈസ്ഡ് സിലബസ് പ്രകാരമുള്ള പുസ്തകങ്ങൾ തയ്യാറാക്കി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു വിഷയങ്ങൾക്ക് യാതൊരു മാറ്റവുമില്ല. |
| ബി) ഈ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ആശയങ്ങൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | ബി) | ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ്) 2005 നെ അടിസ്ഥാനപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) 2007 എന്ന |

അനുബന്ധം: കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007, നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

സമീപനരേഖ കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിലാണ് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ സിലബസ്, പാഠപുസ്തകങ്ങൾ എന്നിവ തയ്യാറാക്കുന്നത് പാഠ്യപദ്ധതി പരിഷ്കാരത്തിന് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള ആശയങ്ങൾ കെ.സി.എഫ്-ന്റെ 1, 2 അധ്യായങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| സി) പാഠ പുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | സി) കേരള ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, ഗവൺമെന്റ് പ്രസ്സ്, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അടുത്ത വർഷം മാറ്റമില്ലാത്ത പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. മാറ്റമുള്ള പുസ്തകങ്ങളുടെ രചന ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ ആവശ്യകത അനുസരിച്ച് പ്രിന്റ് ഓർഡർ നൽകുന്നതിനും പുസ്തകം പ്രിന്റ് ചെയ്ത് ലഭിക്കുന്നതിനനുസരിച്ച് ടെക്സ്റ്റ് ബുക്ക് ഡിപ്പോ വഴി സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്
[illegible]

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 28.02.2008 ൽ മറുപടിക്ക്
നമ്പർ: 111

### എയ്ഡഡ് കോളേജ് ജീവനക്കാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. ടി. എൻ. പ്രതാപൻ | ശ്രീ. എം. എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) എയ്ഡഡ് കോളേജ് അദ്ധ്യാപകനിയമനത്തിന് പബ്ളിക് സർവ്വീസ് കമ്മീഷന്റെ മാതൃകയിൽ പുതിയ കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) എയ്ഡഡ് കോളേജ് അദ്ധ്യാപക നിയമനത്തിനായി പബ്ളിക് സർവ്വീസ് കമ്മീഷന്റെ മാതൃകയിൽ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനം ഏതു വിധത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ടി നിയമനങ്ങൾ അതത് മാനേജ്മെന്റുകളാണ് നടത്തി വരുന്നത് |
| (സി) എയ്ഡഡ് കോളേജ് അദ്ധ്യാപക നിയമനത്തിനുള്ള കമ്മീഷനെ എന്നേയ്ക്ക് നിയമിക്കുമെന്ന് വെളിപ്പെടുത്താമോ? | (സി) ചോദ്യം ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 112

28.02.2008 ൽ മറുപടിയ്ക്ക്

## ഹരിതശ്രീ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. സാജു പോൾ | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഹരിതശ്രീ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | എ. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ഊർജ്ജിത പച്ചക്കറി വികസന പരിപാടിയാണ് ഹരിതശ്രീ പദ്ധതി. കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ സഹകരണത്തോടെ പഞ്ചായത്തുകളുമായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നത്. ആരംഭമെന്ന നിലയിൽ ഇടുക്കി ജില്ലയിലാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കർഷക ഗ്രൂപ്പുകൾ മുഖേനയാണ് പച്ചക്കറി കൃഷി ചെയ്യുന്നത്.<br><br>പദ്ധതിയുടെ മുഖ്യ മേൽനോട്ടം വഹിക്കുന്നത് കൃഷിഭവനിലെ കൃഷി ഓഫീസറാണ്. സർക്കാർ സഹായമായി, ഹെക്ടറിന് 15,000 രൂപ (മൂന്ന് സീസണിലേയ്ക്കായി) സബ്സിഡി നൽകുന്നുണ്ട്. ശീതകാല പച്ചക്കറികളും പരമ്പരാഗത പച്ചക്കറികളും പദ്ധതി പ്രകാരം കൃഷി ചെയ്യുന്നുണ്ട്. |

| | |
|---|---|
| | പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണം, വിപണനം എന്നീ ചുമതലകൾ വഹിക്കുന്നത് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളാണ്. |
| ബി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ഹരിതശ്രീ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പദ്ധതി നടപ്പാക്കുന്നതിന് കൃഷി വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; പദ്ധതി നടപ്പാക്കുന്നതിന് കർഷക ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) ഹരിതശ്രീ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 15,000/- രൂപ സബ്സിഡി (മൂന്നു സീസണിലേയ്ക്ക്) നൽകുന്നു. പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കർഷകർക്ക് ന്യായവില നൽകി സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികൾക്ക് 45 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കർഷക ഗ്രൂപ്പുകളെ ശക്തിപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ഡി) ഉണ്ട്. ഹരിതശ്രീ പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായവില നൽകി സംഭരിക്കുന്നതും, വിപണനം നടത്തുന്നതും പ്രധാനമായും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളാണ്. |
| ഇ) ഹരിതശ്രീ പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്; | ഇ) ഇടുക്കി ജില്ലയിലാണ് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഹരിതശ്രീ പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. |

| | |
|---|---|
| എഫ്) എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എഫ്) ഹരിതശ്രീ പദ്ധതിയുടെ വിജയത്തെ തുടർന്ന് 2008-09 സാമ്പത്തിക വർഷത്തിൽ ആയിരം പച്ചക്കറി ഗ്രാമങ്ങൾ ഉണ്ടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 113 28/02/2008-ൽ മറുപടിയ്ക്ക്

## സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.വി.ശശികുമാർ:<br>ശ്രീ.പി.വിശ്വൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും<br>സാംസ്കാരിക കാര്യവും<br>വകുപ്പുമന്ത്രി) |
| എ) | സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 (എൻ.സി.എഫ്.) നെ അടിസ്ഥാനപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുവാൻ 31 പേർ അടങ്ങുന്ന ഒരു കോർ കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ 14 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഈ ഫോക്കസ് ഗ്രൂപ്പുകളുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ 14 നിലപാട് രേഖകൾ (Position Papers) തയ്യാറാക്കുകയും ചെയ്തു. ഈ രേഖകളെ അടിസ്ഥാനപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 (കരട്) എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കുകയുണ്ടായി. ഈ കരടുരേഖ വിവിധ തലങ്ങളിലുള്ള ജനകീയ ചർച്ചയ്ക്കുശേഷം വേണ്ട ഭേദഗതികളോടെ 22-01-2008 ൽ കൂടിയ കരിക്കുലം കമ്മിറ്റി തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഉയർന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് 25-02-2008 ന് ചേർന്ന കരിക്കുലം കമ്മിറ്റി കേരള പാഠ്യപദ്ധതി ചട്ടക്കൂട് അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ സിലബസും I, III, V, VII ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും തയ്യാറാക്കിവരുന്നു. |

113

| | | | |
|---|---|---|---|
| ബി) | കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ന്റെ കരടിന് കരിക്കുലം കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | പാഠ്യപദ്ധതിയുടെ കരടിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നിർദ്ദേശിച്ചിരുന്നത്; | സി) | കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. പ്രധാന പരിഷ്കാരങ്ങൾ 4, 5, 6 അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. |
| ഡി) | അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് നൽകിയിട്ടുള്ള ശുപാർശകൾ എന്താണ്; | ഡി) | പ്രൈമറി - 1:25<br>സെക്കണ്ടറി - 1: 30<br>ഹയർ സെക്കണ്ടറി - 1: 40 |
| ഇ) | ശുപാർശകളുമായി ബന്ധപ്പെട്ട് ഏതെല്ലാം വിഭാഗങ്ങളുമായി ചർച്ച നടത്തി എന്ന് അറിയിക്കുമോ; | ഇ) | സ്കൂൾതലം, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലം, സംസ്ഥാനതലം എന്നിങ്ങനെ വിവിധ തലങ്ങളിൽ കെ.സി.എഫ്.ബഹുജന ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, കോർ ടീം അംഗങ്ങൾ, കരിക്കുലം കമ്മിറ്റി അംഗങ്ങൾ എന്നിവരുമായി ചർച്ച ചെയ്തിട്ടുണ്ട്. |
| എഫ്) | ചർച്ചയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി കളോടെ ഇത് പൂർണ്ണത യിൽ എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ? | എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. 25-02-08 ന് ചേർന്ന കരിക്കുലം കമ്മറ്റി കേരള പാഠ്യപദ്ധതി ചട്ടക്കൂട് -2007 അംഗീകരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

അംഗങ്ങൾ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള
പകർപ്പ് നോക്കാവുന്നതാണ്

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 114. 28.02.2008-ൽ മറുപടിയ്ക്ക്

## തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.എം.കെ.പുരുഷോത്തമൻ: | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) തോട്ടം ഉടമകളുമായി ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും പലതവണ ചർച്ചകൾ നടത്തി. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വഴിയൊരുക്കുന്നതിനായി ചില ആനുകൂല്യങ്ങളും സർക്കാർ പ്രഖ്യാപിച്ചു. 2002-03 മുതൽ 2006-07 വരെ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കി. കാർഷികാദായനികുതി 2007-08 വരെ ഒഴിവാക്കിയിട്ടുണ്ട്. തേയില ഫാക്ടറികൾക്ക് വൈദ്യുതിയുടെ മിനിമം ഡിമാൻറ് ചാർജ്ജും ഒഴിവാക്കി. ഉപയോഗിച്ച വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ചുമത്താൻ തീരുമാനിക്കുകയും ഇത് തന്നെ തവണകളായി അടയ്ക്കുന്നതിന് സൗകര്യവും നൽകി. ഇതിനുപുറമെ സംസ്ഥാന സർക്കാരിൻെറ ശ്രമഫലമായി തോട്ടങ്ങളുടെ നിലവിലുള്ള ബാങ്ക് വായ്പ കുടിശ്ശിക, ഇ.പി.എഫ്. കുടിശ്ശിക. പലിശ എന്നിവ കൊടുത്തുതീർക്കുന്നതിന് അഞ്ചുവർഷത്തെ, മോറട്ടോറിയവും അതിനുശേഷം ഗഡുക്കളായി അടയ്ക്കുന്നതിനുള്ള സൗകര്യവും തേയില തോട്ടങ്ങൾ, ഫാക്ടറികൾ എന്നിവ നവീകരിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജും കേന്ദ്ര സർക്കാരിനെക്കൊണ്ടു പ്രഖ്യാപിപ്പിക്കുവാൻ കഴിഞ്ഞു. |

ബി) ഇപ്പോൾ ഏതെല്ലാം തേയിലത്തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നത്;

ബി) ഇടുക്കി ജില്ലയിലെ പീരുമേട് ടീ കമ്പനി, ലോൺട്രി എസ്റ്റേറ്റ്, മേത്താനത്ത് എസ്റ്റേറ്റ്, ആർ.ബി.റ്റി.ഗ്രൂപ്പ്-II ന്റെ തോട്ടങ്ങളായ കോഴിക്കാനം, ഗ്രാമ്പി, മൗണ്ട് എസ്റ്റേറ്റ്, പശുമല എസ്റ്റേറ്റ്, തങ്കമല എസ്റ്റേറ്റ് എന്നിവയും കൊല്ലം ജില്ലയിലെ പ്രിയ എസ്റ്റേറ്റ് എന്നിവയും ചേർത്ത് 9 എസ്റ്റേറ്റുകൾ പൂട്ടിക്കിടക്കുന്നുണ്ട്.

സി) തേയിലത്തോട്ടങ്ങൾ ഏറ്റെടുത്തു പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന് അറിയാമോ;

**സി )** കേന്ദ്ര സർക്കാർ 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം നിലച്ച തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി ടീ ബോർഡ് വഴി ഒരു പദ്ധതി നടപ്പിലാക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിൽ സംസ്ഥാനത്തെ 17 തേയില തോട്ടങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പേരിലുള്ള 184.05 കോടി രൂപയുടെ ബാങ്ക് ലോണിന് 5 വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുകയും ലോണുകളിന്മേലുള്ള പിഴപ്പലിശ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ബാങ്ക് ലോണുകളെല്ലാം ടേം ലോണുകളാക്കി മാറ്റാനും ടീ ബോർഡിൽ നിന്നുള്ള 3.92 കോടി രൂപയുടെ വായ്പ ഒഴിവാക്കാനും തീരുമാനിച്ചു. 18.7.കോടി രൂപയുടെ ഇ.പി.എഫ് ഡാമേജുകൾക്ക് 5 വർഷത്തെ മോറട്ടോറിയവും പ്രഖ്യാപിക്കുകയും അതിനുശേഷം 60 തുല്യ മാസ തവണകളായി ഡാമേജസ് നല്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം അക്കൗണ്ടുകൾ ക്രമീകരിച്ചു കഴിയുന്നതോടെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ റ്റീ ബോർഡിൽ നിന്നും Special Purpose Tea Fund ( SPTF) പദ്ധതി അനുസരിച്ചുള്ള വായ്പയും സബ്സിഡിക്കും അർഹത നേടുന്നതാണ്.

തേയിലത്തോട്ടങ്ങൾ അവയുടെ അർഹത അനുസരിച്ച് സബ്സിഡിക്കായി പരിഗണിക്കപ്പെടും. സബ്സിഡി തുക ധനകാര്യസ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകാവുന്നതും അവർ പദ്ധതിയുടെ അടങ്കൽ തുകയുടെ 50% വായ്പയായി നല്കുന്നതുമാണ്. 25% തോട്ടം ഉടമയുടെ വിഹിതമായിരിക്കും. ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങൾ നിലവിലുള്ള നിരക്കിൽ പലിശ ഈടാക്കുന്നതാണ്. അഞ്ചു വർഷക്കാലത്തേയ്ക്ക് 3% നിരക്കിൽ പലിശ സബ്സിഡി ഗവൺമെൻറ് നല്കുന്നതായിരിക്കും.

ഈ പാക്കേജ് 38.65 കോടി രൂപയുടേതാണ്.

ഡി) കഴിഞ്ഞ വർഷം തുറന്ന് പ്രവർത്തനം ആരംഭിച്ച തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കരാർ പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഡി) 2007-ൽ തുറന്നു പ്രവർത്തനമാരംഭിച്ച തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കരാർ പ്രകാരം നൽകേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്ന് തൊഴിലാളികളുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.115 — 26.2.08-ൽ മറുപടിക്ക്

## പതിബെൽ കമ്പനിയുമായി കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | **ശ്രീ.മോൻസ് ജോസഫ് (മരാമത്ത് വകുപ്പുമന്ത്രി)** |
| എ) കെ.എസ്.ടി.പി പദ്ധതി പ്രകാരമുള്ള റോഡ് പണിക്ക് പതിബെൽ കമ്പനിയുമായി ഈ സർക്കാർ എന്തെങ്കിലും ധാരണയുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. കെ.എസ്.ടി.പി പദ്ധതിയായ കഴക്കൂട്ടം-തൈക്കാട്, തൈക്കാട്-ചെങ്ങന്നൂർ, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ റോഡുകളുടെ അപ്ഗ്രഡേഷൻ പണി പതിബെൽ കമ്പനിയാണ് ഏറ്റെടുത്ത് നടത്തി വന്നിരുന്നത്. എന്നാൽ 55% ത്തോളം പണി ചെയ്ത ശേഷം പല കാരണങ്ങളാൽ പതിബെൽ കമ്പനി പണി നിർത്തിവയ്ക്കുകയാണുണ്ടായത്. ബാക്കി പണി പുനരാരംഭിക്കുന്നതിന് പതിബെൽ കമ്പനി മുന്നോട്ടു വച്ച നിബന്ധനകളിൽ സർക്കാർ പലവട്ടം ചർച്ച നടത്തുകയും അവരുമായി ധാരണയാകുകയും അതിനെ തുടർന്ന് ബാക്കി പണികൾ പുനരാരംഭിക്കുകയും ചെയ്തു. |
| (ബി) മുൻ സർക്കാരിന്റെ കാലത്തുണ്ടാക്കിയ കരാറിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇതിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) പതിബെൽ കമ്പനിയുമായി പുതുതായി ഉണ്ടാക്കിയ കരാറും മുൻസർക്കാരിന്റെ കാലത്ത് ഉണ്ടാക്കിയ കരാറും തമ്മിലുള്ള പ്രധാന മാറ്റങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) പുതുതായി ഉണ്ടാക്കിയ കരാർ മൂലം സംസ്ഥാനത്തിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ ? | (സി) പതിബെൽ കമ്പനിയുമായി പുതുതായി ഉണ്ടാക്കിയ കരാർ പ്രകാരം സംസ്ഥാനത്തിന് വരുന്ന അധിക ബാധ്യത കണക്കാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

115-a

# അനുബന്ധം

1) ഒറിജിനൽ കരാർ പ്രകാരം കമ്പനി ചെയ്യുന്ന പണികൾക്ക് BOQ റേറ്റ് പ്രകാരമുള്ള തുകയും തുടക്കം മുതലുള്ള എസ്കലേഷനും നൽകേണ്ടതാണ്. പുതിയ കരാർ പ്രകാരം ഇനി ചെയ്തു തീർക്കാനുള്ള പണികൾക്ക് BOQ റേറ്റിന്റെ 72.5% നിരക്കു വർദ്ധനവും ഓഗസ്റ്റ് 2007 മുതൽ എസ്കലേഷനും നൽകുന്നതാണ്.

2) ഒറിജിനൽ കരാർ പ്രകാരം ബിൽ തുക 80% ഇന്ത്യൻ രൂപയിലും 20% അമേരിക്കൻ ഡോളറിലുമാണ് നൽകേണ്ടത്. പുതിയ കരാറിൽ ബിൽ തുക പൂർണ്ണമായും ഇന്ത്യൻ രൂപയിൽ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

3) ഒറിജിനൽ കരാർ പ്രകാരം Dispute Review Board/Arbitration-നെ സമീപിക്കുന്ന തർക്കങ്ങളുടെ നഷ്ട പരിഹാരതുകയ്ക്ക് പരിധി നിശ്ചയിച്ചിരുന്നില്ല. എന്നാൽ പുതിയ കരാറിൽ 2006 ഡിസംബർ 4 വരെയുള്ള Dispute Review Board/Arbitration വഴിയുള്ള നഷ്ടപരിഹാര തുക 35 കോടി രൂപയായി പരിമിതപ്പെടുത്താമെന്ന് കരാറുകാർ സമ്മതിച്ചിട്ടുണ്ട്.

4) ഒറിജിനൽ കരാർ പ്രകാരം കരാറുകാരൻ ബിൽ എഞ്ചിനീയർക്ക് (കൺസൾട്ടന്റ്) സമർപ്പിക്കുന്ന തീയതി മുതൽ 42 ദിവസത്തിനകം ബിൽ തുക നൽകേണ്ടതാണ്. എന്നാൽ പുതിയ കരാർ പ്രകാരം ബിൽ എഞ്ചിനീയർക്ക് സമർപ്പിക്കുന്ന തീയതി മുതൽ 24 ദിവസത്തിനകം തുക നൽകേണ്ടതാണ്.

S.O

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 116

28-2-2008- ൽ
മറുപടിയ്ക്ക്

മെഡിക്കൽ - എൻജിനീയറിംഗ് പ്രവേശനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി.<br>ശ്രീ. വി.എൻ. വാസവൻ.<br>ശ്രീ. ആർ. സെൽവരാജ്.<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ .<br>ശ്രീ. എ.എം. ആരിഫ്. | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും<br>സാംസ്കാരിക<br>കാര്യവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ - എൻജിനീയറിംഗ് പ്രവേശന പരീക്ഷ സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇപ്രാവശ്യത്തെ പ്രോസ്പെക്ടസിൽ പുതുതായി എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(സി) സ്വാശ്രയ മെഡിക്കൽ ഡെന്റൽ കോളേജുകളിൽ നിന്ന് സർക്കാർ ഫീസിൽ പഠനം പൂർത്തിയാക്കുന്നവർക്ക് ഗ്രാമീണ മേഖലയിലെ സേവനം നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) ഈ പ്രാവശ്യത്തെ പ്രവേശന നടപടികൾ സുഗമമാക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(ഡി) 2008 ലെ പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷകൾ കാനറാ ബാങ്കിന്റെ തെരഞ്ഞെടുത്ത 96 ശാഖകൾ വഴിയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത 53 ശാഖകൾ വഴിയും സംസ്ഥാനത്തിനു പുറത്തുള്ള വളരെ പ്രധാനപ്പെട്ട ശാഖകൾ വഴിയും വിതരണം ചെയ്ത് വരുന്നു. കൂടാതെ അപേക്ഷകൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. പ്രവേശന പരീക്ഷ നടത്തുവാനായി സംസ്ഥാനത്തിനകത്തും ഡൽഹിയിലും ദുബായിലുമായി 240 ഓളം പരീക്ഷാ കേന്ദ്രങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും ഓൺലൈൻ അലോട്ട്മെന്റാണ് നടത്തുന്നത്. എൻജിനീയറിംഗ് പ്രവേശന പരീക്ഷ 2008 ഏപ്രിൽ 21, 22 തീയതികളിലും മെഡിക്കൽ പ്രവേശന പരീക്ഷ 2008 ഏപ്രിൽ 23, 24 തീയതികളിലുമാണ് നടത്തുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം 116-

# പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രോസ്പെക്ടസ് - 2008

കേരളത്തിലെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ 2008-'09 വർഷത്തേക്ക് പ്രവേശനം നേടുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2008 ഏപ്രിൽ മാസം 21 മുതൽ 24 വരെയാണ് പ്രവേശന പരീക്ഷ. 2008-ലെ പ്രവേശന പരീക്ഷയ്ക്കുള്ള പ്രോസ്പെക്ടസും തയ്യാറായി കഴിഞ്ഞിരിക്കുന്നു. 2007-ലെ പ്രോസ്പെക്ടസിൽ നിന്നും ഈ വർഷത്തെ പ്രോസ്പെക്ടസിലെ കാതലായ മാറ്റങ്ങൾ താഴെക്കൊടുത്തിരിക്കുന്നു:

| നം. | 2007 | 2008 |
|---|---|---|
| 1. | BPT (Bachelor of Physiotherapy) കോഴ്സ്: പ്രവേശന പരീക്ഷാ കമ്മീഷണർ ഈ കോഴ്സിന് പ്രവേശന പരീക്ഷ നടത്തിയിരുന്നില്ല. യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രവേശനം നടത്തിയിരുന്നു. | കേരള പ്രവേശന പരീക്ഷയ്ക്ക് ഇതാദ്യമായി BPT (Bachelor of Physiotherapy) കോഴ്സിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.റ്റി.ക്ക് അപേക്ഷിക്കുന്നവർ കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ ആയിരിക്കണം. ഇതു കൂടാതെ +2 തലത്തിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ചിരിക്കുകയും വേണം. |
| 2 | കേരള കാർഷിക സർവ്വകലാശാലയുടെ കോഴ്സുകൾ: എല്ലാ കോഴ്സുകളും "പാസ്സ്" കോഴ്സുകൾ ആയിരുന്നു. (ബി.എസ്.സി. അഗ്രികൾച്ചർ, ബി.എസ്.സി. ഫോറസ്ട്രി ഉൾപ്പെടെ). | ഈ അദ്ധ്യയന വർഷം മുതൽ കേരള കാർഷിക സർവ്വകലാശാല നടത്തുന്ന രണ്ടു കോഴ്സുകൾ ഓണേഴ്സ് കോഴ്സുകളായിരിക്കും - ബി.എസ്.സി. (ഓണേഴ്സ്) അഗ്രിക്കൾച്ചർ, ബി.എസ്.സി. (ഓണേഴ്സ്) ഫോറസ്ട്രി. ബാക്കിയുള്ള കോഴ്സുകൾ - ബി.എഫ്.എസ്.സി. (ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ്), ബി.വി.എസ്.സി. ആന്റ് എ.എച്ച്. (ബാച്ചിലർ ഓഫ് വെറ്ററിനറി സയൻസ് ആന്റ് അനിമൽ ഹസ്ബന്ററി), ബി.ടെക്. അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ്, ബി.ടെക്. ഡയറി സയൻസ് ആന്റ് ടെക്നോളജി എന്നിവ മുൻവർഷത്തേതു പോലെ തുടരുന്നതാണ്. |
| 3 | ബി.ഡി.എസ്സ്. കോഴ്സ്: കോഴ്സ് കാലാവധി 4 1/2 വർഷവും, ഇന്റേൺഷിപ്പ് 12 മാസവും ആയിരുന്നു. | ഡന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനപ്രകാരം ബി.ഡി.എസ്. കോഴ്സിന്റെ ദൈർഘ്യം 5 1/2 വർഷത്തിൽ നിന്ന് 5 വർഷമായി കുറച്ചിട്ടുണ്ട്. ഈ വർഷം ബി.ഡി.എസ്. കോഴ്സിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ്, കോഴ്സിനോടൊപ്പം ചെയ്താൽ മതിയാകും. |
| 4. | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്നും എം.ബി.ബി.എസ്. കോഴ്സ് പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുവാൻ ബാദ്ധ്യസ്ഥരായിരിക്കും. ഇത് സംബന്ധിച്ച നിബന്ധനകൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. | ഗവ: ഉത്തരവ് നം. ജി.ഒ.(ആർ.റ്റി.)223/08/ആ.കു.വ., 06.02.2008 പ്രകാരം മെഡിക്കൽ കോളേജിൽ നിന്നും മെഡിക്കൽ/ഡന്റൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ചുരുങ്ങിയത് ഒരു വർഷമെങ്കിലും ഗ്രാമീണ മേഖലയിൽ സേവനം നടത്തിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കുട്ടികൾ പ്രവേശന സമയത്ത് അവർ പഠനം പൂർത്തിയാക്കിയതിനുശേഷം ഗ്രാമീണ മേഖലയിൽ ഒരു വർഷം സേവനം ചെയ്യാൻ തയ്യാറാണെന്നുള്ള ബോണ്ട് സർക്കാരിന് നൽകേണ്ടതാണ്. ടി. വ്യവസ്ഥ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജിലെ സർക്കാർ മെറിറ്റ് സീറ്റിലു ള്ളവർക്കും ബാധകമാണ്. |

| | | |
|---|---|---|
| | | ടി. വ്യവസ്ഥ ലംഘിക്കുന്നവർ ടി. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജിൽ പഠനം പൂർത്തിയാക്കിയവർ 5 ലക്ഷം രൂപയ്ക്കുപുറമേ മറ്റിനത്തിൽ അവരുടെ പഠനത്തിനായി സർക്കാർ ചെലവാക്കിയ തുകയും ചേർത്ത് തിരിച്ചടയ്ക്കുകയും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പഠനം പൂർത്തിയാക്കിയവർ 5 ലക്ഷം രൂപ മാത്രവും തിരിച്ചടയ്ക്കേണ്ടതാകുന്നു.<br>ടി. ഉത്തരവിന്റെ പകർപ്പ് ഇതിനോടൊപ്പം ചേർക്കുന്നു. |
| 5. | SEBC ആനുകൂല്യത്തിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ വാർഷിക് കുടുംബ വരുമാനം ഉൾപ്പെടെയുള്ള വിവരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നില്ല. | SEBC ആനുകൂല്യത്തിനു വേണ്ടി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പേര്, മേൽവിലാസം, ജാതി, കുടുംബ വാർഷിക വരുമാനം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.<br>വ്യാജ വരുമാന സർട്ടിഫിക്കറ്റ് വഴി അലോട്ട്മെന്റ് / അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് / അഡ്മിഷൻ റദ്ദാക്കുന്നതാണ്. മാത്രമല്ല, അത്തരം വിദ്യാർത്ഥികളെ അടുത്ത 2 വർഷങ്ങളിലെ പ്രവേശന പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കുന്നതുമാണ്. |
| 6. | പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുന്ന സമയത്ത് OEC വിദ്യാർത്ഥികൾക്കുള്ള ഫീസ് ആനുകൂല്യത്തിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. എന്നാൽ ഈ വിദ്യാർത്ഥികളെ 2007 പ്രവേശന സമയത്ത് ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി യിരുന്നു. | 03.07.2007 ലെ സർക്കാർ ഉത്തരവ് നമ്പർ MS(36/07/SCSTDD) പ്രകാരം OEC വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ വാർഷിക കുടുംബ വരുമാനപരിധി കണക്കാക്കാതെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് സമയത്ത് ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| 7. | PIO (Persons of Indian Origin) കാർഡ് ഉള്ളവരെ മാത്രം പ്രവേശനത്തിനായി ഇന്ത്യൻ പൗരന്മാർക്കു തുല്യമായി പരിഗണിച്ചിരുന്നു. | Overseas Citizenship of India (OCI) കാർഡ് ഉള്ളവർക്കും Persons of Indian Origin (PIO) കാർഡുള്ളവരെപ്പോലെ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. |
| 8. | പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾ മറ്റൊരു വ്യക്തിയോ/അധികാരിയോ/ സ്ഥാപനങ്ങളോ പ്രവേശനത്തിനായി ഉപയോഗിക്കുന്നതിന് നിബന്ധനകൾ ഇല്ലായിരുന്നു. | സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ ഒരു വ്യക്തിയോ സ്ഥാപനമോ അധികാരിയോ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രൊഫഷണൽ കോളേജുകളിലെ പ്രവേശന നടപടികൾക്കായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. |
| 9. | വിവിധ കോഴ്സുകളിൽ പ്രവേശനത്തിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത: അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്ന തീയതിയിൽ വിദ്യാർത്ഥികൾ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം. | അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശനദിനത്തിലെങ്കിലും അക്കാദമിക് യോഗ്യത നേടിയിരിക്കണം. |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 117 — 28-2-2008-ലെ മറുപടിക്ക്

## കിസാൻശ്രീ കർഷക ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പുമന്ത്രി) |
| (എ) കിസാൻശ്രീ കർഷക ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;<br>(ബി) എന്തെല്ലാം അപകടങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്; | (എയും ബിയും) ദേശസാൽകൃത കമ്പനികളായ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, നാഷണൽ ഇൻഷ്വറൻസ് എന്നീ കമ്പനികളുടെ സഹകരണത്തോടെ സംസ്ഥാനത്തെ 2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം കഴിക്കുന്ന 5 ലക്ഷം കർഷകരെയാണ് ഈ പദ്ധതിയിൽ അംഗങ്ങളാക്കാൻ ഉദ്ദേശിക്കുന്നത്. കർഷകർക്കുവേണ്ടി മുഴുവൻ പ്രീമിയം തുകയും സർക്കാർ വഹിക്കുന്നതാണ്. ഈ പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ഇൻഷ്വർ ചെയ്യപ്പെടുന്ന കർഷകന് ലഭിക്കുന്നതാണ്. |

| | തുക രൂപയിൽ |
|---|---|
| i) എല്ലാവിധത്തിലുള്ള അപകടമരണം | 100000/- |
| ii) രണ്ടുകൈകളോ കാലുകളോ ഒരുകൈയും ഒരുകാലും അല്ലെങ്കിൽ രണ്ടു കണ്ണുകളുടെയും കാഴ്ച അല്ലെങ്കിൽ ഒരുകണ്ണിന്റെ | 100000/- |

| | |
|---|---|
| | കാഴ്ചയും ഒരു കൈയോ കാലോ നഷ്ടപ്പെട്ടാൽ<br>iii) ഒരു കൈയ്യോ കാലോ ഒരു കണ്ണിന്റെ കാഴ്ചയോ നഷ്ടപ്പെട്ടാൽ 50000/-<br>iv) മേൽപറഞ്ഞപ്രകാരമല്ലാത്ത സ്ഥിരമായിട്ടുള്ള അംഗവൈകല്യം 10000/- |
| (സി) പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്നിവവഴി പ്രചരണം നടത്തിവരുന്നു. കർഷകരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുവേണ്ടി ഫെബ്രുവരി 4 മുതൽ 22 വരെ പക്ഷാചരണമായി ആചരിക്കുകയും കൃഷിഭവനുകളിലൂടെ പ്രചരണ പരിപാടികൾ നടത്തുകയും ചെയ്തു. |
| (ഡി) ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ കർഷകർ എന്തുതുക അടയ്ക്കേണ്ടതുണ്ട്; | (ഡി) പതിനാറുരൂപയാണ് ഒരു കർഷകനുവേണ്ടി അടയ്ക്കേണ്ട വാർഷിക പ്രീമിയം. |
| (ഇ) പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തുതുകയാണ് വകയിരുത്തുന്നത്; പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; | (ഇ) പദ്ധതിക്കാവശ്യമായ 80 ലക്ഷം രൂപ വിള ഇൻഷുറൻസിനു വകകൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നാണ് നൽകുന്നത്. കേന്ദ്രസഹായം പ്രതീക്ഷിക്കുന്നില്ല. |
| (എഫ്) ഇത്തരം കർഷക ഇൻഷുറൻസ് പദ്ധതി മറ്റേതെങ്കിലും സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എഫ്) മറ്റേതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ളതായി അറിവില്ല. |

Jaganathan Nair

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :118 28/2/2008-ൽ മറുപടിക്ക്

ഉത്തരം എഴുതാനുള്ള പേപ്പറുകൾ റോഡിൽ നിന്ന് ലഭിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി. |

| | | | |
|---|---|---|---|
| എ | എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകൾക്ക് ഉത്തരം എഴുതാനുള്ള മാർക്ക് ഷീറ്റ് ഉൾപ്പെടുന്ന പേപ്പറുകൾ റോഡിൽ നിന്ന് ലഭിച്ചതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണ്; | എ) | കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ വിതരണത്തിനായി കൊണ്ടുപോയ മെയിൻ ആൻസർ ഷീറ്റ്, അഡീഷണൽ ആൻസർ ഷീറ്റ്, സി.വി.കവറുകൾ എന്നിവയിൽ നിന്നും മെയിൻ ആൻസർ ഷീറ്റിലെ ഒരു കെട്ടിൽ നിന്നും ഏതാനും പേപ്പറുകൾ കെട്ടുപൊട്ടി റോഡിൽ വീഴുന്നത് ശ്രദ്ധയിൽപ്പെട്ട ക്ലാർക്ക് ഉടൻ തന്നെ വാഹനത്തിൽ നിന്നും ഇറങ്ങി അവ ശേഖരിക്കുന്നതിനിടയിൽ ഏതാനും ചില പേപ്പറുകൾ റോഡിനരികിൽ നിന്ന ചിലർ കൈവശപ്പെടുത്തുകയും തുടർന്ന് അവർ ചോദ്യപേപ്പർ ആണെന്ന ധാരണയിൽ പോലീസിനെയും മാധ്യമങ്ങളെയും അറിയിക്കുകയുമുണ്ടായി. |
| ബി | പ്രസ്തുത പേപ്പറുകൾ എവിടെനിന്ന് എങ്ങോട്ട് വിതരണത്തിനായി കൊണ്ടുപോയതാണെന്നും അവ എത്ര കെട്ടുകളിലായി എത്ര എണ്ണം ഉണ്ടായിരുന്നുവെന്നും വെളിപ്പെടുത്താമോ; | ബി) | പ്രസ്തുത പേപ്പറുകൾ കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും ഉപ്പുതറ, ഏലപ്പാറ, പീരുമേട്, മുണ്ടക്കയം എന്നീ റൂട്ടുകളിലെ 18 പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടവയായിരുന്നു. മെയിൻ ആൻസർ ഷീറ്റ് 32 കെട്ടും (32 X 1000) അഡീഷണൽ ആൻസർ ഷീറ്റ് 77 കെട്ടും (77 X 2000), സി.വി.കവറുകൾ 1750 |

എണ്ണവും ഉണ്ടായിരുന്നു. സംഭവം നടക്കു ന്നതിന് മുമ്പായി 5 പരീക്ഷ കേന്ദ്രങ്ങളി ലായി 10 കെട്ട് മെയിൻഷീറ്റും 20 കെട്ട് അഡീഷണൽ ഷീറ്റും 275 സി.വി.കവറു കളും വിതരണം പൂർത്തിയാക്കികഴിഞ്ഞി രുന്നു.

| | | | |
|---|---|---|---|
| സി) | ഇതിൽ എത്ര പേപ്പറുകൾ നഷ്ടപ്പെട്ടിട്ടു ണ്ടെന്ന് അറിയിക്കാമോ; | സി) | പോലീസിൽനിന്നും കട്ടപ്പന ജില്ലാ വിദ്യാ ഭ്യാസ ഓഫീസർ ഏറ്റുവാങ്ങിയ വാഹന ത്തിൽ ഉണ്ടായിരുന്ന ഉത്തരക്കടലാസിന്റെ കെട്ടിലെ മെയിൻ ആൻസർ ഷീറ്റിന്റെ എണ്ണം പരിശോധിച്ചപ്പോൾ നാല് പേപ്പറു കൾ (പൊട്ടിയകെട്ടിൽ) കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ വിവിധ സർ ക്കാർ പ്രസ്സിൽ നിന്നും അച്ചടിച്ച് ലഭി ക്കുന്ന പേപ്പറുകളുടെ എണ്ണം എല്ലായ്പ്പോഴും ശരിയായിരിക്കണമെന്നി ല്ല. കൂടാതെ പ്രസ്സിൽനിന്നും ലഭിക്കുന്ന പേപ്പറുകൾ വളരെ നേർത്ത ചണം കൊണ്ട് ഒരു കെട്ട് കെട്ടിയാണ് ലഭിക്കാറു ള്ളത്. ആൻസർ ഷീറ്റുകൾ പ്രസ്സിൽനിന്നും ശേഖരിക്കുമ്പോൾ അവ എണ്ണി തിട്ട പ്പെടുത്താൻ സാധിക്കാറില്ല. |
| ഡി | സുപ്രധാനമായ പ്രസ്തുത വിഷയം ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ടിവന്ന സാഹചര്യം എന്താ ണെന്ന് വ്യക്തമാക്കാമോ? | ഡി | പ്രസ്തുത വിഷയം വളരെ ശ്രദ്ധയോടെ യാണ് കൈകാര്യം ചെയ്തത്. ആൻസർ പേപ്പറുകൾ പരീക്ഷാ കേന്ദ്രത്തിന്റെ 'മോണോഗ്രാം' പതിപ്പിച്ച് ഇൻവിജിലേറ്റ റുടെ കൈയ്യൊപ്പ് വാങ്ങിയശേഷമേ കുട്ടി കൾക്ക് എഴുതാൻ നൽകാറുള്ളൂ. കൂടാതെ കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള പരീക്ഷാ കേന്ദ്രങ്ങൾ 200 കി.മീ.ചുറ്റളവിൽ ഉള്ളതും പല സ്കൂളുകളും വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്നതുമാ ണ്. ദുർഘടമായ കാനനപാതയിൽ 'ഫോർവീൽ' ജീപ്പുകൾ മാത്രമേ ഓടു കയുള്ളൂ. വളരെ ദുർഘടമായ റോഡുകൾ |

ആയതിനാൽ റ്റാറ്റാസുമോ പോലുള്ള മൂടി കെട്ടിയ വാഹനങ്ങൾ ഓടുവാൻ സാധ്യമല്ല. ജീപ്പിൽ കയറ്റിയ പേപ്പർ വളരെ ഭംഗിയായി കയർ കൊണ്ട് കെട്ടിയ ശേഷമാണ് വിതരണം ആരംഭിച്ചത്. എന്നാൽ ചപ്പാത്ത് എന്ന സ്ഥലത്തുവച്ച് ഒരു ഹംപ് കയറി ഇറങ്ങുമ്പോൾ മെയിൻ ഷീറ്റിന്റെ പേപ്പറുകൾ താഴെ വീഴുകയായിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ അതു ശേഖരിക്കുകയും ചെയ്തിരുന്നു. ഈ വിഷയം ലാഘവത്തോടെ കൈകാര്യം ചെയ്തില്ല. ഈ സംഭവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.119 | 28.2.08-ൽ മറുപടിക്ക്

**എൻ.എച്ച് 47 ഉം, എൻ.എച്ച് 17 ഉം നാലുവരിയാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ : | ശ്രീ മോൻസ് ജോസഫ് (മരാമത്ത് വകുപ്പുമന്ത്രി) |
| എ) എൻ.എച്ച്.47, എൻ.എച്ച് 17 എന്നീ ദേശീയപാതകൾ നാലു വരിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പാത പൂർത്തിയായാൽ ചുങ്കം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട് |
| (സി)മലബാറിലെ പാതകളുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന് പ്രത്യേക പാക്കേജ് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120      28.2.08 ൽ മറുപടിക്ക്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് കരട് നയരേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ :<br>ശ്രീ. രാജാജി മാത്യൂതോമസ് :<br>ശ്രീ. വി.എസ്. സുനിൽകുമാർ :<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഡോ. യു. ആർ. അനന്തമൂർത്തി അദ്ധ്യക്ഷനായുള്ള അഞ്ചംഗ സമിതി ഉന്നത വിദ്യാഭ്യാസ രംഗത്തെ കരട് നയരേഖ തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ രേഖയിലെ പ്രധാന ശുപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി)യും (സി) യും | ഡോ. യു. ആർ. അനന്തമൂർത്തി അദ്ധ്യക്ഷനായുള്ള അഞ്ചംഗ സമിതി തയ്യാറാക്കിയ കരട് നയരേഖ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. നയരേഖയിലെ ശുപാർശകളും നിർദ്ദേശങ്ങളും വിശദമായി ചർച്ച ചെയ്യുകയും പരിശോധിക്കേണ്ടതായിട്ടുമുണ്ട്. ശുപാർശകളും നിർദ്ദേശങ്ങളും വിശദമായി ചർച്ച ചെയ്തു വരുന്നു. |
| (സി) | ഈ കരട് രേഖ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പകർപ്പിനോടൊപ്പം ഉള്ളതാണ്